
Vol. II.) October 1931. (No. 10.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

1. ആശീർവ്വാദലേഖനം 289.
2. ക്രിസ്തീയഭക്തസ്തവം 290.
3. ക്രി. സ്നേഹിതന്മാർ 291.
4. മാപ്പാപ്പാമാർ മനുഷ്യരാണ് 295.
5. ജപമാല 306.
6. ആത്മത്തിന്റെ കല്പന 307.
7. കളഞ്ഞുകിട്ടിയ കൊന്ത 309.
8. പൊതുനിയോഗം 313.
9. വി. കൊച്ചുത്രേസ്യാ 314.
10. പുതിയ പുസ്തകങ്ങൾ 316.
11. സിദ്ധൗഷധങ്ങൾ 318.
12. കുറിപ്പുകൾ 319.

മാന്യ വരിക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്.

കുടുംബദീപത്തിന്റെ വരിപ്പണം കുടിശ്ശിക വരുത്തീട്ടുള്ളവർ ഉടൻ അതു അയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നപേക്ഷിക്കുന്നു. വിശ്വസ്തന്മാരായ ചിലരുടെ അഭ്യർത്ഥനപ്രകാരം മുൻകൂർ പണം വാങ്ങാതെ ഞങ്ങൾ മാസിക അയച്ചുവരുന്നുണ്ട്. അവരും ഈ അവസരത്തിൽ പണം സദയം അയച്ചുതരണമേ. വി. പി. ഏർപ്പാടു സൌകര്യമുള്ളവർ അതു വിവരം അറിയിച്ചാൽ അടുത്തലക്കം മാസിക വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്. ക്ലേശം കൂടാതെ അടുത്തകൊല്ലത്തെ വരിപ്പണം ഉടൻ അയച്ചുതരുന്നവരോടു ഞങ്ങൾ പ്രത്യേകം നന്ദിയുള്ളവരായിരിക്കുന്നതാണ്.

മാനേജർ,
കുടുംബദീപം,
തേവര, എറണാകുളം.

സൌജന്യ ഭാഗ്യക്കുറി.

50 സമ്മാനങ്ങൾ 50

ഓരോരുത്തരും അവരവരുടെ ഭാഗ്യം പരീക്ഷിക്കുവിൻ.

1932 ഏപ്രിൽ 4-ാംനു-ക്ക നറുക്ക് എടുക്കുന്നതാകുന്നു.

1931 സെപ്തമ്പർ 1-ാംനു- മുതൽ 1932 മാർച്ച് 26-ാംനു- വരെ ഈ കമ്പനിയിൽനിന്നും രൂപാവിലക്കു ഒരു ഉറുപ്പികയിൽ കുറയാത്ത സംഖ്യക്കു സാമാനം വാങ്ങിക്കുന്നവർക്കു ഉറുപ്പികക്കു ഒരു ടിക്കറ്റു വീതം സൌജന്യമായി കൊടുക്കുന്നതാണ്.

സമ്മാനവിവരം.

1-ാം സമ്മാനം 100 രൂ. വിലയുള്ള 1 ഗ്രാമഫോണും 6 റിക്കാർഡുകളും.
2-ാം സമ്മാനം 40 രൂ. വിലയുള്ള ക്ലോക്ക് 1.
3-ാം സമ്മാനം 20 രൂ. വിലയുള്ള ഫൌണ്ടൻപെൻ വിളക്ക് 1.
4 മുതൽ 10 വരെ 7 സമ്മാനങ്ങളും 10 രൂ. വിലയുള്ള സാമാനങ്ങളും.
11 മുതൽ 25 വരെ 15 സമ്മാനങ്ങളും 5 രൂ. „ „
26 മുതൽ 50 വരെ രൂ. 2-ൽ 0 വിലയുള്ള സാമാനങ്ങളും.

വി. പീറർ വളവി
പ്രൊപ്രൈറർ, വളവി ആൻറ് കമ്പനി,
എറണാകുളം.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨ } ഒക്ടോബർ ക്രൻനൂറ. } ലക്കം ക്ര൦.

പുതിയ മലബാർ അപ്പസ്തോലിക്കാ തിരുമനസ്സിലെ

ആശീർവാദലേഖനം.

APOSTOLIC DELEGATION
OF THE EAST INDIES.
N. 393/31.

BANGALORE.
1 September, 1931.

Dear Reverend Father,

Please accept my sincere thanks for your kind letter and for the complimentary copy of your Magazine. The apostolate of the Press deserves every encouragement, and I am happy to bless your periodical, its readers and all connected with it.

Wishing you prosperity and success I remain, dear Reverend Father,

Cordially yours in Christ

+ Leo P. Kierkels C.P.

Delegate Apostolic.

ക്രിസ്തുയേശുസ്തവം.

ഹിന്ദോളം–ചാപ്പു താളം. പൂങ്കാവിനോദമെ എ. മ.

പല്ലവി.

പാടുവിൻ ഗാനമെ — പകലിരവനിതരമുദമൊട്ട — പാടു.

അനുപല്ലവി.

പാപിക്കും–രോഗിക്കും–നിജതനു–ഹോമിക്കും–സ്വാമിക്കായ്–വിരവൊട്ട (പാടു.
പാപം–താപം–നിരുപമം–ചേലിൽതീർത്ത ഗുരുവിനെ (പാടു.
പരമം വാഹ്നമൊഴുകും നദിസമം ഹൃദയം നല്കിയ വരദൻ പ്രഭുവിനെ (പാടു.
പാപികളം പാരിതിലാദരമോടെ വസിപ്പാൻ പുതുതുണയരുളിയ ദേവനെ (പാടു.
പാകത്തിൽ - ലോകത്തിൽ - ഭയതര - ശാപത്തെ നീക്കിയ ജയദനു (പാടു.

ചരണം.

ഭൂലോകാഘങ്ങളെല്ലാം താവകമായി ധരിച്ചു ഹരിച്ചു.
ഭൂവാം വയലിൽ തന്നുടെ പ്രേമം വിത്തുവിതച്ചുചരിച്ചു.
നിസ്തുല നിർമ്മലമുന്നതമുത്തമകർമ്മപദങ്ങളുരച്ചുവസിച്ചു.
പാവനജീവിതമാർഗ്ഗം തവതിരുജീവിതപാതം നയിച്ചു കഥിച്ചു.
ഭാസുരഭാവുകം ചേർത്തു ജയിപ്പവൻ ക്രിസ്തു
സന്യഭോഗ്യമതിങ്ങനെയതുലം നല്കുവോൻ ക്രിസ്തു
എപ്പോഴാളിലുമാർക്കുമൊരുപോൽ തുണയ്ക്കുവോൻ ക്രിസ്തു.
സ്തുതിസ്തവനമായിയനന്തം വസിയ്ക്കുവോൻ ക്രിസ്തു.
നാഥസമക്ഷംകൂടി - ഗാനാമൃതത്തെത്തേടി
ചേതോഹരമായിക്കൂടി - പാടുമെണക്കം പാടി.
വാഴ്ത്തുവിൻ നിത്യം. (പാടുവിൻ

കെ. വി. ജോസഫ് മഞ്ഞുമ്മൽ.

ക്രിസ്തുരാജന്റെ

യഥാർത്ഥ സ്നേഹിതന്മാർ.

II.

സ്നേഹിതന്മാർ പരസ്പരം സംഭാഷിക്കുവാൻ ഇഷ്ടപ്പെടുന്നു.

സ്നേഹിതന്മാർ സംസാരികളാണ്- അതെ, അവർ സദാ ഈശോയോടു പ്രാർത്ഥിക്കയും അങ്ങയെ സ്തുതിക്കുകയും ചെയ്യുന്നു. പ്രാർത്ഥന ദൈവത്തിന്റെ വാക്കിനേയും നന്മയേയും ബഹുമാനിക്കുന്നു. അവർ പ്രാർത്ഥിക്കുന്നതു കാമുകീകാമുകന്മാർ ചെയ്യാറുള്ളതുപോലെ അവ്യവസ്ഥിതമായിട്ട് അഥവാ ഇന്ന വാക്കുകളിലായിരിക്കണം സംഭാഷണം എന്ന വ്യവസ്ഥ ക്രൂരതയാണ്. ഈശോയുടെ സ്നേഹിതൻ അവിടുത്തോടു സംസാരിക്കുന്നതു മുമ്പേക്കൂട്ടി ക്ലേശിച്ചു പഠിച്ചുവച്ചിരിക്കുന്ന രീതിയനുസരിച്ചല്ല, പ്രത്യുത, സ്വാഭാവികമായിട്ടാണ്.

ഈശോയെ സ്നേഹിക്കുന്നവർ പ്രാർത്ഥനയുടെ മുടക്കം വരുത്തുന്നില്ല. അതിൽ അവർ തഴക്കുന്നു. എന്തുകൊണ്ടെന്നാൽ സ്നേഹിതന്മാർക്കു പരസ്പരം മറന്നുകളയുവാൻ സാധിക്കയില്ല. അവർ പ്രാർത്ഥനയുടെ മുടക്കം വരുത്തുന്നില്ല എന്നു ഞാൻ പറഞ്ഞതിൽനിന്ന് അവർ ഇടവിടാതെ സുകൃതജപങ്ങളും മറ്റും ചൊല്ലിക്കൊണ്ടിരിക്കയാണെന്നു ധരിക്കേണ്ടതില്ല. അങ്ങനെ ചെയ്യുന്നപക്ഷം അതു കടമകളുടെ നിർവ്വഹണത്തിനു ബാധകമായേക്കും. മുടക്കം കൂടാതെ എന്നുള്ളതിന് തഴക്കമായിട്ട് എന്നോ ഞാൻ ഇവിടെ വിവക്ഷിക്കുന്നുള്ളൂ. ഒരേ തരത്തിലുള്ള പ്രവൃത്തിതന്നെ ആവർത്തിച്ചു ചെയ്യുന്നതിനെയാണ് തഴക്കം എന്നു പറയുന്നതു്. ഈ ആവർത്തനം സ്നേഹിക്കുന്നവന്റെ സ്നേഹാധിക്യത്തേയും സൗകുമാര്യാദികളേയും ആശ്രയിച്ചിരിക്കും.

ഈശോയെ സ്നേഹിക്കുന്നയാൾക്കു പ്രാർത്ഥനയുടെ അത്ര

പിയുണ്ട്; അതാണു സ്നേഹത്തിന്റെ ഉദ്ദേശ്യവും. ഇതു ലഭ്യമായാൽ ജോലിയും ക്ലേശങ്ങളുമെല്ലാം പ്രാർത്ഥനയുടെ ബഹിസ്സ്ഫുരണങ്ങളായി പരിണമിക്കും.

ദൈവത്തോടുള്ള സംഭാഷണം a) രഹസ്യമായിട്ടോ b) പരസ്യമായിട്ടോ c) 'കമ്മകാണ്ഡ'പരമായിട്ടോ (Liturgical) ആവാം. രഹസ്യമായ പ്രാർത്ഥന അന്യന്തം തൃപ്തികരമായ ഒന്നാണ്. പരസ്യമായ പ്രാർത്ഥന നമുക്കു നമ്മുടെ രാജാവിനോടുള്ള ഭക്തിയെ പ്രദർശിപ്പിക്കുവാനും ആ ഭക്തിയെ മറ്റുള്ളവരിൽ നിവേശിപ്പിക്കുവാനും ഉള്ള ഒരു ഒന്നാംതരം മാർഗ്ഗമാണ്. 'കമ്മകാണ്ഡ'മനുസ്യൂതമായ പ്രാർത്ഥന നമ്മുടെ രാജാവിനെ ബഹുമാനിക്കുന്നതിനും ക്രിസ്തീയകുടുംബം സമൃദ്ധിയായി സ്ഥിരീകരിക്കുന്നതിനും ഏറ്റവും പറ്റിയ പോംവഴിയത്രേ. എന്തുകൊണ്ടെന്നാൽ അതുവഴിയായി നാം മിശിഹായുടെ മണവാട്ടിയായ സഭയോടു ഐക്യപ്പെടുന്നു.

'കമ്മകാണ്ഡ'മനുസരിച്ചുള്ള ബാഹ്യാരാധനം ഇന്ദ്രിയങ്ങളേയും ഇന്ദ്രിയങ്ങൾ ഹൃദയത്തേയും ദ്യോതിപ്പിക്കുന്നു. അതു് ജനസമൂഹത്തിനേറെയും വ്യക്തികളുടേയും മതപരമായ ശക്തികളെ ഉജ്ജീവിപ്പിക്കയും പ്രോത്സാഹിപ്പിക്കയും മഹത്തീകരിക്കയും ചെയ്യുന്നു. അതെ, ദിവ്യമായ ആരാധനം പൂർണ്ണമാകേണ്ടതിനായി ഇന്ദ്രിയഗോചരമായ വസ്തുക്കളെക്കൊണ്ടു അരൂപിയായ ആത്മാവിൽ പ്രവർത്തിപ്പിക്കുന്നു.

ഇതു വി. അഗുസ്തീനോസിനു അനുഭവപ്പെട്ടതെങ്ങനെയെന്നു അദ്ദേഹംതന്നെ വിവരിച്ചിട്ടുണ്ട്: "ഒ എന്റെ ദൈവമേ, പള്ളികളിൽ സ്തോത്രങ്ങളും മറ്റു ഗീതങ്ങളും പാടി കേൾക്കയിൽ എത്രമാത്രം കണ്ണുനീരാണു ഞാൻ പൊഴിച്ചിട്ടുള്ളതു! ആ മധുരസ്വരങ്ങൾ എന്റെ ആത്മാവിനെ വ്യാമോഹിപ്പിക്കയും, കണ്ണുപടങ്ങളിലേയ്ക്കു ശക്തിയായി തുളച്ചു കയറുകയും, നിത്യവും ദിവ്യവുമായ സത്യം അതുവഴി എന്റെ ഹൃദയത്തിലേയ്ക്കു ഒരു ജലപ്രവാഹമെന്നപോലെ വഴിഞ്ഞൊഴുകുകയും ചെയ്തു. അവ എന്റെ ഹൃദയത്തിൽ തീക്ഷ്ണതയേയും ഭക്തിയേയും ഉജ്ജീ

വിപ്പിച്ചു. എന്റെ നയനങ്ങളിൽനിന്ന് അശ്രുക്കളെ ധാരധാരയായി പ്രവഹിപ്പിച്ചു; ഈ അശ്രുക്കൾ രുചിയും മധുരവും ഉള്ളതെന്നു ഞാൻ അറികയും ചെയ്തു."

ഒരുവന് ഈശോയോടുള്ള സ്നേഹം എത്രയധികമോ അത്രയും അവന്റെ പ്രാർത്ഥനയും തീവ്രമായിരിക്കും. ഓരോരുത്തനു തനിച്ചും സ്നേഹിതന്മാർക്കും വേണ്ടിയുള്ള ആരാധനപ്രകരണങ്ങൾ, ഉപകാരസ്മരണപ്രകരണങ്ങൾ, പശ്ചാത്താപപ്രകരണങ്ങൾ, സ്നേഹപ്രകരണങ്ങൾ, അപേക്ഷപ്രകരണങ്ങൾ എന്നിങ്ങനെയുള്ളവയാണ് പ്രാർത്ഥനയിൽവച്ചു ഏറ്റം ആഗ്രഹിക്കത്തക്കവ.

ഒരുവനു ഈശോയോടുള്ള സ്നേഹം എത്ര വലുതായിരിക്കുമോ അത്രയും അവന്റെ പ്രാർത്ഥനയും ശരണപൂർണ്ണമായിരിക്കും. തന്നിമിത്തമത്രേ ഈശോ സാക്ഷാൽ സ്നേഹിക്കുന്നവർ നമുക്കു വേണ്ടി പ്രാർത്ഥിക്കണം എന്നു നാം ആഗ്രഹിക്കുന്നതു്.

"യേശുവിനെ പരമാർത്ഥമായി സ്നേഹിക്കുന്നവൻ അദ്ദേഹത്തോടും അദ്ദേഹത്തെക്കുറിച്ചും സംഭാഷിക്കുവാൻ ആഗ്രഹിക്കുന്നു; അവിടുത്തെ തിരുസന്നിധിയിൽ എത്തിച്ചേരുവാനും അങ്ങനെ സർവ്വപ്രകാരേണയും പ്രസാദിപ്പിക്കുവാനും, അവിടുന്നു സ്നേഹിക്കുന്നതിനെയെല്ലാം സ്നേഹിക്കുവാനും, അവിടുത്തെ ജോലിയേയും സ്തുതിവർദ്ധനവിനേയും സംബന്ധിച്ച സകലത്തിനും അത്യധികമായ ആസക്തിയുണ്ടാകുവാനും അഭിലഷിക്കുന്നു."

— വി. ബെർണ്ണാർഡ്.

സ്നേഹം അഥവാ ഉപവി ഒരു ദൈവിക പുണ്യമാകുന്നു. അതു്, ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ നമ്മുടെ ആത്മാവിൽ വേരുന്നുന്നു. നമുക്കു തിരിച്ചറിവു വരുമ്പോൾ നാം അതിനെ അഭ്യസിക്കണം. ജീവിതത്തിന്റെ പ്രധാനോദ്ദേശ്യം അതിനെ ദൈനംദിനം വർദ്ധിപ്പിക്കുക എന്നുള്ളതാകുന്നു. ഈ വർദ്ധമാനവും മറ്റൊരു ദൈവവരമാകുന്നു. ആകയാൽ അതിനു വേണ്ടി നാം പ്രാർത്ഥിക്കുകയും യത്നിക്കുകയും വേണം.

വിശ്വവിഖ്യാതനായ കാർഡിനൽ ന്യൂമാൻ ഇതിനു ഒരു

അനുഭവസ്ഥനാണ്. അദ്ദേഹം പ. കുർബാന ഉർക്കൊണ്ടതി നുശേഷം ചൊല്ലിവന്നിരുന്ന ഒരു പ്രാർത്ഥന ഇതായിരുന്നു. "ഒ എന്റെ കർത്താവായ ദൈവമേ, ഞാൻ എന്റെ ജീവിതകാല മൊക്കയിലും യഥാർത്ഥമായും പ്രായോഗികമായും ലോകത്തിലു ള്ള സമസ്ത വസ്തുക്കളെയെന്നതിനേക്കാൾ നിന്നേയും, ഈ ലോ കത്തേക്കാൾ വരുവാനിരിക്കുന്ന ലോകത്തേയും തിരിഞ്ഞെടുക്കു ന്നതിനു എനിക്കു നീ ഇടവരുത്തേണമേ. എനിക്കു നീ ധൈ ര്യവും, സത്യത്തെ അസത്യത്തിൽനിന്നു തിരിച്ചറിവാനുള്ള ഒരു പ്രത്യേക ധാരണാശക്തിയും നല്കേണമേ. എനിക്കു എല്ലാറ്റി ലും എളിമയും, നിന്നോട് തീവ്രമായ സ്നേഹവും പ്രദാനം ചെ യ്യേണമേ."

പാപി എല്ലായ്പോഴും പാപകരമായ സാഹചര്യങ്ങളിൽ കഴിച്ചുകൂട്ടുന്നു. അവന്റെ പാപങ്ങൾ നിമിത്തം അവനു പ്രാ ർത്ഥനയിൽ അഭിരുചി തോന്നുന്നില്ല. ഈ അഭിരുചിയില്ലായ്മ, അഥവാ ഉപേക്ഷ പാപത്തോട് പാപം ചെയ്തുകൂട്ടുന്നതിനു കാ രണമായിത്തീരുന്നു. നേരെമറിച്ചു നീതിമാൻ നീതിമാന്മാർക്കു അനുയോജ്യമായ സാഹചര്യങ്ങളിൽ പെരുമാറുന്നു. അവന്റെ ദൈവസ്നേഹം പ്രാർത്ഥിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. പ്രാ ർത്ഥന അവന്റെ ദൈവസ്നേഹത്തെ വർദ്ധമാനമാക്കുകയും ചെ യ്യുന്നു.

— തെഒഫീലോസ്.

ജോൺ: "മേരീ, നിനക്കു ഒരു നല്ല പിയാനൊ കിട്ടിയാ ൽ കൊള്ളാമെന്നുണ്ടോ?"

മേരി: "എനിക്കതു കിട്ടിയാൽ എന്തു ആനന്ദമായിരി ക്കും?"

ജോൺ: "അതു് നമ്മുടെ വിശ്രമമുറിയ്ക്കു് ഒരു ഭ്രഷണ മായിരിക്കും ഇല്ലെ?"

മേരി: "എന്റെ പ്രിയതമനേ, അതു എന്നിവിടെ കിട്ടും."

ജോൺ: "എനിക്കു തീച്ചപറയാൻ നിവൃത്തിയില്ല, ഞാ ൻ ഒരു ഭാഗ്യക്കുറിയിൽ ചേർന്നിട്ടുണ്ടു്. അതിൽ ആദ്യത്തെ സമ്മാനം ഒരു പിയാനോയാണു്."

മാപ്പിളമാർ മനുഷ്യരാണ്,

മാലാഖമാരല്ല.

രാജാവിനെ കണ്ടപ്പോൾ "ഓ അദ്ദേഹവും മനുഷ്യനാണ്" എന്നുപറഞ്ഞ മുഞ്ഞ്ലിയുടെ കഥയാകുന്നു ഈ ലേഖനത്തിന്റെ തലക്കെട്ടു കാണുമ്പോൾ വായനക്കാരുടെ സ്മൃതിപഥത്തിൽ ആദ്യം ആരോഹണംചെയ്യുന്നത്. അതതു കാലത്തിലെ മാപ്പിളപ്പാ ക്രിസ്ത്വിന്റെ വികാരിയും സംശയലേശം കൂടാതെ ലോകത്തിൽവെച്ചു ഏറ്റവും വലിയ വന്ദ്യനുമാണെന്ന് തക്മെറ സംഗതിയാകുന്നു. എന്നാൽ മനുഷ്യസാധാരണമായ വിശേഷതകളും പ്രത്യേകതകളും പക്ഷങ്ങളും അദ്ദേഹത്തിനുണ്ടെന്നുള്ള വസ്തുതയത്തോലിക്കർ അവിടുത്തെ നേക്കുള്ള ബഹുമാനം നിമിത്തം വിസ്മരിച്ചുകളയാനിടയുള്ളതായി തോന്നിപ്പോകുന്നു. അദ്ദേഹം ഇഷ്ടപ്പെടുന്ന ബന്ധുക്കളും വിലമതിക്കുന്ന സ്നേഹിതന്മാരും അദ്ദേഹത്തിനു കണ്ടേയ്ക്കാം; സാമുദായിക സംഗതികളിലോ, യുവാക്കന്മാരുടെ വിദ്യാഭ്യാസത്തിലോ, വിദേശ വേലപ്രചരണത്തിലോ, സമാധാനസംരക്ഷണത്തിലോ അദ്ദേഹത്തിനു പ്രത്യേക ശ്രദ്ധയുണ്ടായിരിക്കാം; അദ്ദേഹം ഒരു സംഗീതവിശാരദനോ ഒരു വിശിഷ്ട ചിത്രമെഴുത്തുകാരനോ ആയിരിക്കാൻ പാടുണ്ട്. അവിടുന്നു ഒരു വിനോദതല്പരനായിരിക്കാനുംമതി. ഒരു പക്ഷേ അങ്ങിനെയുള്ള സംഗതികളിൽ യാതൊരു ഗന്ധവുമില്ലാത്തവനായിരിക്കാനും ഇടയുണ്ട്. എന്നാൽ ഒരു കാര്യം തീച്ചയാണ്; അവിടുത്തെ മുൻഗാമിയോടൊ പിൻഗാമിയോടൊ തുലനംചെയ്തു നോക്കുമ്പോൾ എന്തെല്ലാം വ്യത്യാസങ്ങളുണ്ടായിരുന്നാലും സർവ്വപ്രധാനമായ ക്രിസ്തുരാജസേവനത്തിനുവേണ്ടി മാത്രമാണ് അവരെല്ലാവരും ജീവിച്ചിരുന്നതെന്നു കാണാൻ പ്രയാസമില്ല. നമ്മളിൽ പലരും അറിയുന്ന ഒടുവിലത്തെ നാലു മാ

പ്പാപ്പാമാരെപ്പോലെ വ്യക്തിത്വം വ്യക്തമായുള്ളവരെ കാണാൻ വിഷമമുണ്ട്. അവരെല്ലാവരും ജ്ഞാനികളും ഉത്തമ മാതൃകാജീവിതം കഴിച്ചിരുന്നവരുമാണെന്നുള്ള വാസ്തവം വിസ്മരിക്കുന്നില്ല; പക്ഷേ ഇതിൽമാത്രമാണ് അവർക്ക് സാമ്യമുള്ളതു്. അവരിൽ ഓരോരുത്തരും അതാതു കാലസ്ഥിതിക്കു ആവശ്യമായ വിധത്തിൽ തിരുസ്സഭയെ ഭരിക്കുന്നതിനു സവ്വഥാ യോഗ്യന്മാരായിരുന്നു എന്നു തെളിഞ്ഞിട്ടുണ്ട്. പരിശുദ്ധാത്മാവു ഒന്നും നോക്കാതെയല്ല വി. പത്രോസിന്റെ പിൻഗാമികളെ തെരിഞ്ഞെടുക്കാറുള്ളതെന്നു സ്പഷ്ടമാണല്ലൊ.

പെച്ചി കർദ്ദിനാൾ നൂറ്റാണ്ടത്തെ വയസ്സിലാണ് ഫ്രഞ്ചുകാരനായ മാപ്പാപ്പായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടതു്. ഒമ്പതാം പീയൂസ് മാപ്പാപ്പായുടെ കാലത്തു നാശോന്മുഖമായി ലോകത്തിനു കാണപ്പെട്ട തിരുസ്സഭ അദ്ദേഹത്തിന്റെ കാലത്തു് പൂർവ്വാധികം എല്ലാവരാലും സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നതിനിടയായി.

ഫ്രഞ്ചുകാരനായ മാപ്പാപ്പാ നല്ല സ്ഥിതിയിലുള്ള ഒരുത്തമ കുടുംബജാതനായിരുന്നു. അദ്ദേഹം ഒരു കൃശഗാത്രനും ശരീരശക്തി കുറഞ്ഞവനുമായിരുന്നു. ഉത്തേജകങ്ങളും കരുണാമസൃണങ്ങളുമായ നേത്രങ്ങളും അദ്ദേഹത്തിന്റെ ഇരുനിറമുള്ള മുഖത്തിനു ഒരലങ്കാരമായിരുന്നു. അദ്ദേഹം സെൻറ് പീറേഴ്സിൽ കർമ്മങ്ങളും നടത്തുമ്പോളെല്ലാം ജനത്തിനു അസാധാരണ സന്തോഷം പ്രകടിപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചാക്രിക ലേഖനങ്ങളും (പ്രത്യേകിച്ചു തൊഴിലാളികളെ സംബന്ധിച്ചവ) ലോകത്തിന്റെ കണ്ണുകളെ തുറപ്പിക്കാൻ പര്യാപ്തങ്ങളായിരുന്നു. അവയ്ക്കു കത്തോലിക്കരുടെയിടയിൽ മാത്രമല്ല സഭാവിരോധികളായ ധനതത്വശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽപോലും സമ്മതി സിദ്ധിച്ചിരിക്കുന്നു.

അദ്ദേഹം ഏകദേശം ഒമ്പതാം പീയൂസ് മാപ്പാപ്പായെപ്പോലെതന്നെ കൂശാഗ്രബുദ്ധിയും കാരുണ്യവാരിധിയുമായിരുന്നു. സഭാഭരണത്തിൽ അദ്ദേഹത്തോടു സഹകരിച്ചിരുന്നവരെ അ

ദ്ദേഹത്തിനു വളരെ താല്പര്യമായിരുന്നു. ഉചിതരുടെ നേരെയുള്ള അദ്ദേഹത്തിന്റെ ഭയ അനന്യസാധാരണമായിരുന്നു. സ്വഭാവത്താലും പരിശീലനത്താലും അദ്ദേഹം ഒരു അതിമാന്യനും സാസ്കാരം സിദ്ധിച്ച ദേഹവുമായിരുന്നു. വത്തിക്കാനിൽ പൂർവ്വകാലാമുതൽ നടപ്പിലിരുന്ന ആചാരോപചാരങ്ങൾക്കു അദ്ദേഹം ഉചിതമെന്നു തോന്നിയടത്തു യാതൊരു ലോഭവും വരുത്തിയില്ല. ആയുധപാണികളായ പട്ടാളക്കാർ പരിശുദ്ധ പിതാവിന്റെ മുറിയിലും നില്ക്കുക, അദ്ദേഹത്തിന്റെ ആഗമനത്തെ വെളിപ്പിക്കാഹള ധ്വനിയാൽ പ്രസിദ്ധപ്പെടുത്തുക മുതലായവ ഇതിനു ഉദാഹരണങ്ങളാകുന്നു. അവിടത്തെ ജോലിക്കാരും അദ്ദേഹം നിത്യം കാണുന്നവരുമായ അല്മകളുടെ സാധാരണ ആചാരരീതികളിൽപോലും ഭേദംവരുത്തുന്നതിനു അനുവദിച്ചിരുന്നില്ല.

ഫ്രഞ്ചുകാരനായ മാപ്പിപ്പായ്ക്കു കുതിരകളോടു അത്ര ഇഷ്ടമില്ലായിരുന്നു. അദ്ദേഹം തിരുസ്സഭാഭരണം കയ്യേല്ക്കുന്നതിനു വളരെമുമ്പു് ഒരു കുതിരവണ്ടിയിൽ ഒരിക്കൽ സവാരിചെയ്യുമ്പോഴാം ജീവാപായം വരത്തക്ക ഒരു അപകടം സംഭവിച്ചു. അന്നുമുതൽ കുതിരകളെ അദ്ദേഹത്തിനു വളരെ ഭയമായിത്തീർന്നു. മോട്ടോർവാഹനങ്ങളില്ലാതിരുന്ന അക്കാലത്തു വത്തിക്കാനിൽ കുതിരകളുടെ ആവശ്യം എത്രമാത്രമുണ്ടായിരുന്നെന്നു വിശദമാണല്ലൊ. എങ്കിലും തിരുമനസ്സുകൊണ്ടു ഏറ്റവും ഭയയുള്ളതും ക്ഷീണിച്ചതുമായ കുതിരകളെയാണ് അവിടത്തെ ഭരണകാലത്തു് ഉപയോഗിച്ചുകൊണ്ടിരുന്നതു്.

അദ്ദേഹം കായിക വിനോദങ്ങളിൽ തല്പരനായിരുന്നു. നീന്തലും നടത്തയും അദ്ദേഹത്തിന്റെ പ്രധാന വ്യായാമങ്ങളാണ്. മൃഗയാവിനോദങ്ങളിലും അദ്ദേഹം ഭാഗഭാക്കാകാറുണ്ടായിരുന്നു. വിനോദാർത്ഥം പക്ഷികളെ പിടിക്കുകയും ഒടുവിൽ അവയെ വിട്ടയയ്ക്കുകയും ചെയ്യാറുണ്ടായിരുന്നു.

ലേയോൻ മാപ്പിപ്പാ, ഒരു കൊല്ലങ്ങളോളം വത്തിക്കാനാം പുരയിടങ്ങളുംവിട്ടു പുറത്തുപോകാതെ താമസിക്കേണ്ടതായിവന്നു. തന്നിമിത്തം അദ്ദേഹത്തിനു തന്റെ വാല്യക്കാലത്തു് പൂ

തോട്ടത്തോട്ട വളരെ പ്രതിപത്തിയായിരുന്നു. പുഷ്പങ്ങളും, പൊടികളും, മന്തിരി മുതലായവയോട്ട അദ്ദേഹത്തെപ്പോലെ തംല്പര്യമുള്ള മാപ്പിപ്പാമാർ ഉണ്ടായിട്ടില്ല.

ഫൻറാന്റ ജൂലൈ മാസത്തിൽ അദ്ദേഹം കാലംചെയ്തപ്പോൾ ആ ഒഴിവിലേയ്ക്കു നിയമിതനാകുന്നതിനു ഒരുത്തനും പ്രാപ്തിയുള്ളതായി തോന്നിയില്ല. പലർക്കും ഓമ്മിക്കത്തക്കവണ്ണം ദീർഘകാലം അദ്ദേഹം ഭരണം നടത്തി. ആ സ്ഥാനത്തേയ്ക്കു തക്കയോഗ്യതയുള്ളവനായി ഒരുത്തനെ ഊഹിക്കാൻപോലും ആർക്കും സാധിച്ചില്ല.

വെനീസിലെ പാത്രിയർക്കീസായിരുന്ന കർദ്ദിനാൾ ഗിസെപ്പ് സാർട്ടോ അക്കാലത്തു ലോകത്തിനു അത്ര അറിയപ്പെട്ടിരുന്നില്ല. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അദ്ദേഹം മാപ്പിപ്പായായി തെരഞ്ഞെടുക്കപ്പെടുകയും പത്താം പീയൂസ് എന്നനാമം സ്വീകരിക്കയുംചെയ്തു. ഉടൻതന്നെ ക്രിസ്തീയ ലോകത്തിന്റെ ഹൃദയം അദ്ദേഹം കൈവശപ്പെടുത്തി. ഇതിനുമുമ്പു ഇങ്ങിനെ ഒരു കാര്യം അദ്ദേഹത്തിന്റെ പുരോഗാമികൾക്കുപോലും സാധിച്ചിട്ടില്ല; ഇനി സാധിക്കയുമില്ല.

ഇത്രയും സുകൃതനായ ഒരാളെ പുണ്യവാന്മാരുടെ ഗണത്തിൽ ചേർക്കുമെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ ആരേയും ആകർഷിക്കത്തക്ക സ്വഭാവം, അതിവിപുലമായ ജ്ഞാനം, ഗ്രിഗോരിയൻ ഗാനത്തിലുള്ള അദ്വിതീയമായ പ്രാമാണ്യം, വികാരി, മെത്രാൻ, മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങളിലുള്ള ദീർഘകാലത്തെ പരിചയം മുതലായവ ഒരുകാലത്തും വിസ്മരിക്കപ്പെടുന്നതല്ല. ശൈശവകാലത്തുതന്നെ അദ്ദേഹത്തിന്റെ ബുദ്ധിക്രമത പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. "ലോകത്തിൽവെച്ചു ഏറ്റവും വലിയ ഹൃദയം" അദ്ദേഹത്തിനാണുള്ളതെന്നു തന്റെ ഒരു സ്നേഹിതൻ ഒരിക്കൽ പറഞ്ഞതു എത്രയും വാസ്തവമാണ്. ഒരു പാവപ്പെട്ട കൃഷിക്കാരന്റെ മകനായ അദ്ദേഹത്തിനു ഒരു കുലീനന്റെ സ്വഭാവവും മാഹാത്മ്യവുമുണ്ടായിരുന്നു. തന്നോ സംബന്ധിച്ചേടത്തോളം വലിയ പ്രൗഢമോ ആഡംബരമോ കൂടാ

ത്തെ ഒരു ഒതുങ്ങിയ ജീവിതമാണ് അദ്ദേഹം കഴിച്ചുവന്നതു.

മനുഷ്യരുമായി സൌമ്യതയോടെ പെരുമാറുന്നതിനു അദ്ദേഹത്തെപ്പോലെ സാമർത്ഥ്യമുള്ളവരെ കാണാൻ പ്രയാസമുണ്ട്. പരസ്യസന്ദർശനങ്ങളിൽ ഒരുത്തനോട് അല്ലെങ്കിൽ മറെറാരാളോടു കുറെ നേരം സംസാരിക്കുന്നതിനു അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. ഒടിക്കൽ അദ്ദേഹം ഇത്താല്യൻഭാഷ അറിയാമെന്നാദിമാനിച്ചിരുന്ന ഒരു അമ്മേരിക്കനുമായി സംഭാഷണം നടത്തി. ഒറവാക്കുപോലും പരസ്പരം മനസ്സിലാക്കുന്നതിനു അവർക്കു സാധിച്ചില്ല. ഉടനെ മാപ്പാപ്പാ അദ്ദേഹത്തിനു സഹജമായ ഫലിതരസത്തോടെ പുഞ്ചിരിതൂകിക്കൊണ്ടു "നാം ഇംഗ്ലീഷോ, ഇത്താല്യനോ, വെനിഷ്യനോ മറേറതു ഭാഷയോ സംസാരിച്ചാലും തരക്കേടില്ല, ഹൃദയത്തിൽനിന്നു പുറപ്പെടുന്ന ഭാഷയാണ് സാക്ഷാൽ ഭാഷ" എന്നു പറഞ്ഞു.

അദ്ദേഹം എല്ലായ്പോഴും മാഹാത്മ്യമുള്ളവനായിരുന്നു. എന്നാൽ അത്ഥത്തുന്യമായ ആചാരങ്ങൾ അദ്ദേഹം അത്ര ഗണിച്ചിരുന്നില്ല. അനേകശതാബ്ദങ്ങളായി മാപ്പാപ്പാ തനിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതു് ഒരു പതിവായിത്തീർന്നു. എന്നാൽ പത്താം പീയൂസ് മാപ്പാപ്പായുടെ തെരിഞ്ഞെടുപ്പു കഴിഞ്ഞു അടുത്ത ദിവസം വെനീസിൽനിന്നുവന്ന സെക്രട്ടരിമാരെ തന്റെ മേശയിൽ ഭക്ഷണം ഒരുക്കിയിരിക്കണമെന്നു ഏർപ്പാടുചെയ്തു. ഇങ്ങിനെ ഒരു സംഗതി ഇതിനുമുമ്പു നടന്നിട്ടില്ലെന്നു അദ്ദേഹത്തെ സാദരം അറിയിച്ചെങ്കിലും ഫലമൊന്നുമുണ്ടായില്ല.

"വി. പത്രോസ് തനിച്ചാണ് ഭക്ഷണം കഴിച്ചിരുന്നതെന്നു നിങ്ങൾക്കു തീർച്ചയുണ്ടോ?" എന്നു അവിടുന്നു ചോദിച്ചു.

"പ. പിതാവേ, അക്കാര്യം എനിക്കറിവില്ല. എന്നാൽ അവിടുത്തെ മുൻഗാമിയും അതിനുമുമ്പുള്ള എല്ലാ മാപ്പാപ്പാമാരും ഇങ്ങിനെ ചെയ്തിട്ടുണ്ട്" എന്നു സെറിമണിയാരിയൂസ് മറുപടി പറഞ്ഞു.

"രണ്ടാം ജൂലിയൂസ്, പത്താം ലേയൊ എന്നീ മാപ്പാപ്പാമാരുടെ കാലത്തു് ഇതായിരുന്നോ പതിവു?" എന്നു അദ്ദേഹം,

അ മാപ്പ്രപ്പാമാരുടെ വിരുന്നു സല്ക്കാരങ്ങളെക്കുറിച്ചു അറിഞ്ഞിരുന്നതുകൊണ്ടു ചോദിച്ചു.

"അല്ല, പരിശുദ്ധ പിതാവേ," എന്നു അയാൾ സമ്മതിച്ചു.

"എന്നാൽ ആരുടെ കാലത്താണ് ഈ പ്രസിദ്ധമായ പാരമ്പര്യം തുടങ്ങിയതു?"

"പരിശുദ്ധ പിതാവേ, അതു എട്ടാം ഉർബാൻ മാപ്പ്രപ്പായുടെ കാലത്താണു ആരംഭിച്ചതു്."

"അതുകൊള്ളാം. നമ്മുടെ അതിപൂജ്യനായ മുൻഗാമി, മാപ്പ്രപ്പാ തനിച്ചിരുന്നു ഭക്ഷണം കഴിക്കണമെന്നു തീരുമാനിച്ചു; അദ്ദേഹത്തിനു അതിനു് അവകാശവുമുണ്ടായിരുന്നു. എന്നാൽ ആ അവകാശത്താൽ തന്നെ അതിനു വിരുദ്ധമായി നാം തീരുമാനിക്കുന്നു. നമ്മുടെ അരികിൽ മൊൺ. ബ്രെസ്സാനക്രൂടി ഒരു പാത്രം വെക്കുന്നതാണു് നമുക്കു സന്തോഷം" എന്നു അവിടുന്നു മന്ദസ്മിതത്തോടുകൂടി പറഞ്ഞു.

അദ്ദേഹത്തിന്റെ സെക്രട്ടരി മാത്രമല്ല, എന്തെങ്കിലും വിശേഷം പറയാനുണ്ടായിരുന്ന കർദ്ദിനാളന്മാർ, മെത്രാന്മാർ, മിഷ്യനറിമാർ എന്നുവേണ്ട അത്തേമ്മനികളെപ്പോലും തന്നോടൊന്നിച്ചു ഭക്ഷിക്കുന്നതിനു അദ്ദേഹം ക്ഷണിച്ചിരുന്നു.

"ഈശോമ്ശിഹാ ഒന്നിലധികം പ്രാവശ്യം തന്റെ ശിഷ്യന്മാരോടും പ്രീശന്മാരോടുംകൂടെ ഭക്ഷണം കഴിച്ചിട്ടുണ്ടു്. സുവിശേഷങ്ങളിൽനിന്നു അവിടുത്തെ സംഭാഷണസ്വാരസ്യത്തെ നമുക്കു ആസ്വദിപ്പാൻ കഴിയും. നാം അവിടുത്തെക്കാൾ ഗവ്വിഷ്ഠരായിത്തീരുന്നതു എന്തിനാണു്?" എന്നു അദ്ദേഹം പറയാറുണ്ടായിരുന്നു.

ഇങ്ങിനെയുള്ള അല്പ കാര്യങ്ങളിൽപോലും മ്ശിഹായായിരുന്ന അദ്ദേഹത്തിന്റെ മാതൃക.

വത്തിക്കാൻ തോട്ടങ്ങളിൽ ക്രമപ്രകാരം ലയൊ മാപ്പ്രപ്പായുണ്ടായിരുന്നതുപോലെയുള്ള താല്പര്യം പീയുസ് പാപ്പായുണ്ടായിരുന്നില്ല. അദ്ദേഹം അതിനെ കൂടുതൽ മോടിപിടിപ്പി

ക്കുന്നതിനു ശ്രമിച്ചതുമില്ല. അദ്ദേഹത്തിനു നടക്കാനുള്ള ഒരു സ്ഥലമായിട്ടേ അതു കരുതിയിരുന്നുള്ളൂ. വിനോദങ്ങളെപ്പറ്റി വലിയ അറിവോ അതിൽ കൂടുതൽ താല്പര്യമോ അദ്ദേഹത്തിനു ഉണ്ടായിരുന്നില്ല. അതും ഒരു പാവപ്പെട്ട ബാലനും പിന്നീടു ജോലിത്തിരക്കുള്ള ഒരു വികാരിയുമായിരുന്നതുകൊണ്ടു നീന്തലോ നായാട്ടോ സവാരിയോ പരിശീലിക്കുന്നതിനു സമയം ലഭിച്ചിരുന്നില്ല. എങ്കിലും അദ്ദേഹം അധിക ദൂരം ക്ഷീണം കൂടാതെ നടക്കുമുണ്ടായിരുന്നു. വെനീസിലെ പാത്രിയർക്കീസായിരുന്ന കാലത്തു് തന്റെ നൂറ്റി-ഏഴാമത്തെ വയസ്സിൽ അദ്ദേഹം മുപ്പതു അടി പൊക്കമുള്ള ഗ്രാപ്പാ മലയുടെ മുകളിൽ കയറിച്ചെന്നു ഒരു ചെറിയ കപ്പേളയുടെ ആശീർവ്വാദകർമ്മം നടത്തി. അതുകഴിഞ്ഞുയാതൊരു ക്ഷീണവും കൂടാതെ അദ്ദേഹം അവിടെനിന്നു താഴെ ഇറങ്ങി പോരുകയുംചെയ്തു. ലേയൊ മാപ്പാപ്പാ സാധാരണ ചെയ്യാറുള്ളതുപോലെ സ്വിസ്സ് ഗാർഡ്സുകളുടെ അകമ്പടിയോടുകൂടി കസാലയിൽ ഇരുന്നുകൊണ്ടു മുറിവിട്ടിറങ്ങുകയുണ്ടായില്ല. പീയൂസ് ദശമനു ഇഷ്ടമില്ലായിരുന്നു. അദ്ദേഹം ആരും അറിയാതെ മുറിയിൽനിന്നു പോകയും വരുകയും തോട്ടത്തിൽ ഉലാത്തുകയും ചെയ്തുകപതിവായിരുന്നു. അകമ്പടി സേവിക്കുന്നതിനു ആരെങ്കിലും വരുന്നതുകണ്ടാൽ അതുകൂടാതെ കഴിക്കുന്നതിനു അദ്ദേഹം സ്ഥലംമാറിപ്പോകയും ആ സമയത്തെല്ലാം അടക്കാൻ വയ്യാത്തവണ്ണം അദ്ദേഹത്തിനു ചിരിയുണ്ടായിരിക്കയും ചെയ്യും. പത്താം പീയൂസ് മാപ്പാപ്പാ ജീവിച്ചിരിക്കുമ്പോൾതന്നെ അത്തരത്തിലുള്ള പ്രവൃത്തിച്ചിട്ടുള്ളതായി ലക്ഷ്യങ്ങളുണ്ടെന്നാണ് അറിയുന്നതു്. അതെങ്ങിനെയിരുന്നാലും അവിടുന്നു കൂട്ടുകൂടിയും ഫലിതം പറഞ്ഞും സന്തോഷിക്കുമുണ്ടായിരുന്ന ഏതുള്ളതു രീച്ചതന്നെ.

ഫൻഫർ ആഗസ്റ്റ് മാസത്തിൽ അവിടുന്നു നാടു നീങ്ങിയപ്പോളാണ് അദ്ദേഹത്തെക്കൊണ്ടു ലോകത്തിനധികമാവശ്യമുള്ളതായി തോന്നിയതു്. ഉടൻതന്നെ കർദ്ദിനാൾ ലെല്ലോ ചിയേസാ മാപ്പാപ്പായായി തെരിഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പതിനഞ്ചാം

ബനഡിക്തോസ് എന്ന നാമമാണ് സ്വീകരിച്ചത്. അവിടത്തെ മുൻഗാമികളെ അറികയും സ്നേഹിക്കയും ചെയ്തതുപോലെയോ പതിനൊന്നാം പീയൂസ് പാപ്പായെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ശ്രമിക്കുന്നതുപോലെയോ കത്തോലിക്കർ അദ്ദേഹത്തോടു പെരുമാറിയില്ല. അദ്ദേഹത്തിന്റെ ഒതുങ്ങിയ ജീവിതവും അനാകഷ്ടതയും ഇതിന്റെ ഒരു കാരണമായി വിചാരിക്കാം. ക്രൂരതെ ലോകമഹായുദ്ധകാലത്തു് ജനങ്ങളുടെ ചിന്തമുഴുവനും രാഷ്ട്രത്തെയും രാഷ്ട്രീയ കാര്യങ്ങളേയും കുറിച്ചായിരുന്നുവല്ലൊ. മാത്രമല്ല വൈരവും പരശ്രീകണ്ടു ക്രൂരായ്മയും മൂർദ്ധന്യത്തിലെത്തിയ കാലത്തിലാണു അദ്ദേഹം ജീവിച്ചിരുന്നതു്. ജർമ്മൻകാരും ഓസ്ട്രിയക്കാരും അദ്ദേഹം മറുകക്ഷിയിലാണെന്നു വിചാരിച്ചിരുന്നു. എന്നാൽ ഏതുഭാഗക്കാർ അദ്ദേഹം ജർമ്മൻ പക്ഷത്തിലാണെന്നു ജല്പിച്ചു. യുദ്ധത്തിന്റെ പുക അല്പം ശാന്തമായി തുടങ്ങിയപ്പോൾ അദ്ദേഹം നിഷ്പക്ഷപാതിയാണെന്നും ദീർഘദൃഷ്ടിയുള്ള ഒരു പിതാവാണെന്നും എല്ലാവരും സംവദിച്ചു.

ഒരു കുലീനനും രാജ്യതന്ത്രജ്ഞനുമായിരുന്ന ഇദ്ദേഹത്തിനു പത്താം പീയൂസ് മാപ്പാപ്പായെപ്പോലെ സാധാരണത്വമോ ആർദ്രതയോ എല്ലാ സമയത്തും പ്രദർശിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇദ്ദേഹത്തിന്റെ കാലത്തു്, ലേയോൻ മാപ്പാപ്പായുടെ അനുദിന ജീവിതത്തിലും സന്ദർശനാവസരങ്ങളിലുണ്ടായിരുന്നപോലെ പരസ്യവും രഹസ്യവുമായ പല ആചാരോപചാരങ്ങളും നടപ്പിൽ വരുത്തി. തീർത്ഥയാത്രക്കാർ തങ്ങളുടെ സന്ദർശനം അദ്ദേഹത്തിനു വളരെ സന്തോഷമുള്ളതാണെന്നുള്ള സംഗതി അദ്ദേഹത്തിന്റെ പേരുമാറ്റത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിനു പല ഭാഷകളിലും വ്യുല്പത്തിയുണ്ടായിരുന്നതുകൊണ്ടു ഒരുത്തനോടൊ അല്ലെങ്കിൽ മറെറാരാളോടൊ ഒരു സമുറത്തോടൊ ഭംഗിയായി സംസാരിക്കാൻ സാധിച്ചിരുന്നു.

ഉയരം കുറഞ്ഞ കൃശഗാത്രനായ ബനഡിക്തോസ് മാപ്പാപ്പാ രോഗമെന്താണെന്നു അറിഞ്ഞിട്ടില്ല. അദ്ദേഹം വളരെക്കാലം തിരുസ്സഭയെ ഭരിക്കുമെന്നു എല്ലാവരും പ്രതീക്ഷിച്ചിരിക്കു

മ്പോൾ പെട്ടെന്നു ഫ്രൻസ്വ ജനുവരിമാസത്തിൽ ഒരു കഠിനരോഗം പിടിപെടുകയും അദ്ദേഹത്തിന്റെ അറുപത്തെട്ടാമത്തെ വയസ്സിൽ നാടുനീങ്ങുകയും ചെയ്തു. അവിടുത്തെ മരണാനന്തരം വത്തിക്കാനിൽ വന്നുചേർന്ന അനുശോചനസന്ദേശങ്ങൾക്ക് കയ്യും കണക്കുമില്ല. അവ മഹച്ഛക്തികളും തുടങ്ങി സാധുക്കളുംവരെയുള്ള നാനാജാതിമതസ്ഥന്മാരിൽനിന്നുമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനു അല്പംമുമ്പു് മഹമ്മദീയരും പതിനന്മാരും യഹൂദന്മാരുംകൂടി തങ്ങളുടെ സ്വന്തം ചെലവിന്മേൽ കൊൺസ്റ്റാൻറിനെപ്പോളിൽ അവിടുത്തെ അതിവിശേഷമായ ഒരു ഓട്ടുപ്രതിമ സ്ഥാപിക്കയുണ്ടായി. അതു് അവരുടെനേരെ അദ്ദേഹത്തിനുണ്ടായിരുന്ന പൈതൃകസ്നേഹത്തിന്റെ ഒരു സ്മാരകമായി ഇന്നും പരിലസിക്കുന്നു.

ഫ്രാൻ-ാം ബനദിക്തോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട കട്ടിനാൾ റാത്തി ഒരു തികഞ്ഞ പണ്ഡിതനും ഒരു വലിയ രാജ്യതന്ത്രജ്ഞനുമാണ്. ലോകം അവിടുത്തെക്കുറിച്ചു അറിയാൻ തുടങ്ങിയതു വളരെ താമസിച്ചാണ്. എന്നാൽ പതുക്കെ പതുക്കെ അദ്ദേഹത്തിന്റെ നൈസർഗ്ഗികമായ ഭയയും, പൌരുഷവും, പരിശുദ്ധതയും എല്ലാവരേയും അവിടുത്തെ പക്കലേക്ക് ആകർഷിച്ചു. മനുഷ്യരെക്കുറിച്ചും ലോകസ്ഥിതിയെപ്പറ്റിയുമുള്ള ശരിയായ ജ്ഞാനം ലോകോത്തരമായ നന്മകൾ ചെയ്ത എല്ലാ രാജ്യക്കാരുടേയും പ്രശംസയ്ക്കു പാത്രീഭവിക്കുന്നതിന് അദ്ദേഹത്തെ ഇടയാക്കി.

അദ്ദേഹത്തിന്റെ ജീവിതരീതിയും സാർവ്വത്രികസ്നേഹവും പത്താം പീയൂസ് മാപ്പിപ്പായുടെതിനോടു വളരെ സാമ്യമുള്ളതാണ്. അവിടുത്തെ രഹസ്യസന്ദർശനങ്ങൾ ദീർഘിച്ചു ചിലപ്പോൾ ഭക്ഷണസമയവും മറ്റും കടന്നുപോകാറുണ്ട്. എല്ലാ ദിവസവും വൈകിട്ടു ജോലികഴിഞ്ഞു കുറെനേരം ആ ദിവസത്തെ വിശേഷങ്ങളെപ്പറ്റിയും, പുതിയതും പഴയതുമായ ഗ്രന്ഥങ്ങളെക്കുറിച്ചും, ശാസ്ത്രസംബന്ധമായ മറ്റു പല കാര്യങ്ങളെ പരാമർശിച്ചും വൈദികരുടേയും മൊൺസിഞ്ഞോരന്മാരുടേയും ക്ലർത്തി

ൽ സംഭാഷണം നടത്തും. ലോകത്തിന്റെ ഏതുഭാഗത്തു് സംഭവിക്കുന്ന പ്രധാന കാര്യവും അവിടുന്നു് അറിയാതെ ഇരിക്കയില്ല.

രാത്രി പത്തുമണിയായാൽ എല്ലാവരും അദ്ദേഹത്തെ വിട്ടുപിരിഞ്ഞുപോകും. ഒരു ദിവസത്തിൽ പ. പിതാവിനു സ്വാതന്ത്ര്യമായി കിട്ടുന്ന ഈ സമയം ഗ്രന്ഥപാരായണത്തിൽ അവിടുന്നു വിനിയോഗിക്കും. പാതിരാ കഴിഞ്ഞു വളരെ സമയമായെങ്കിലെ പഠനം നിറുത്താറുള്ളൂ.

പീയൂസ് മാപ്പാപ്പാ എല്ലാക്കാലത്തും അഗാധജ്ഞാനമുള്ള ഒരു വിദ്യാർത്ഥിയായിരുന്നു. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ റോമായിലെ ഒരു പ്രധാന വിദ്യാലയ (Academia di San Tomase) ത്തിൽനിന്നും ഡോക്ടർബിരുദ്ദ് സമ്പാദിച്ചു. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെക്കുറിച്ചു കേട്ട് തന്നെ കാണുന്നതിനു് ലെയോൻ മാപ്പാപ്പാ ആഗ്രഹിക്കുന്നതായി പ്രസ്താവിച്ചു. ഇതിൽനിന്നും ഈ യുവവിദ്യാർത്ഥിയുടെ സാമർത്ഥ്യം തെളിവാകുന്നുണ്ടല്ലൊ. കുറെ കഴിഞ്ഞു മിലാനിലെ സെമ്മിനാരിയിൽ വേദശാസ്ത്രം പഠിപ്പിക്കുന്നതിനായി അദ്ദേഹത്തെ നിയമിച്ചു. ഈ ജോലി മുപ്പത്തൊന്നാമത്തെ വയസ്സുവരെ സ്തുത്യർഹമായ വിധത്തിൽ അദ്ദേഹം നിർവ്വഹിച്ചു. അതിന്റെശേഷം ലോകപ്രസിദ്ധമായ മിലാൻ ഗ്രന്ഥശാലയിലെ ഡയറക്ടറന്മാരിൽ ഒരുത്തനായി അവിടുന്നു തെരിഞ്ഞെടുക്കപ്പെട്ടു. അവിടെ ഇരുപതുകൊല്ലം പ്രയത്നിച്ചതിന്റെശേഷം അനന്തരാവകാശത്തോടുകൂടെ വത്തിക്കാൻ ലൈബ്രറിയുടെ വൈസ് പ്രിഫക്റ്റ് ആയിത്തീർന്നു.

പരിശുദ്ധ പിതാവു് അല്ലസ് പർവ്വതം തരണംചെയ്യുന്നവനാണെന്നുള്ള കീർത്തി ലോകപ്രസിദ്ധമായിട്ടുള്ളതാകുന്നു. അവിടുന്നു് ഈ വാർദ്ധക്യകാലത്തുപോലും നല്ലപോലെ കായികാഭ്യാസം ചെയ്യുന്നുണ്ടു്. ദിവസത്തിൽ ഒരു മണിക്കൂറിൽ കുറയാതെ തോട്ടത്തിൽക്കൂടി അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കും. കാറോ മഴയോ തണുപ്പോ മറ്റു കാരണങ്ങളോ ഈ പതിവിനു്

ബാധകമല്ല. ശൈത്യാധിക്യമുള്ള ദിവസങ്ങളിൽ പുറത്തു പോകാതിരിക്കണമെന്നു ഡോക്ടറന്മാർ ആവശ്യപ്പെട്ടാലും അവിടുന്ന് അതു ഗണ്യമാക്കാറില്ല. എങ്കിലും തോട്ടത്തിൽ ഭിത്തിയോടു ബന്ധിച്ചു ഒരു മേല്പുര കെട്ടുന്നതിന് അദ്ദേഹം അനുവദിക്കയുണ്ടായി. മേലാൽ അതിനകത്തു് എത്ര മഴയുണ്ടെങ്കിലും തിരുമേനിയുടെ പിൻഗാമികൾക്കും സ്വച്ഛന്ദം സഞ്ചരിക്കാമല്ലൊ. ഇതു് പണിയുന്നതിനുമുമ്പു് നടക്കാൻപോയി വന്നാൽ ഉടുപ്പു മാറേണ്ടതു് പലപ്പോഴും ആവശ്യമായിരുന്നു.

മാപ്പിപ്പിമാർ മാലാഖമാരല്ലെങ്കിലും ജ്ഞാനവും, ദയയും, സാമർത്ഥ്യവും, ആകർഷണീയതയും സർവ്വോപരി തങ്ങളുടെ ഭരണത്തിനു ഏല്പിക്കപ്പെട്ട അജഗണത്തിനു് മാതൃകയായിരിക്കത്തക്കവണ്ണം അത്യുത്കൃഷ്ടതയുമുള്ള മനുഷ്യരായിരുന്നു. അവർ മാലാഖമാരല്ലെങ്കിലും ഐഹിക പാരത്രിക കാര്യങ്ങളെപ്പറ്റി നല്ല ബോധമുള്ള മനുഷ്യരായിരുന്നു. പരിശുദ്ധ പിതാവു് "ഒരു വാനപ്രസ്ഥനോ, ഏകാന്തവാസിയോ, കഴിഞ്ഞതിനെപ്പറ്റി സ്വപ്നം കാണുന്നവനോ അല്ലെന്നു" കട്ടിനാൽ സ്വമനസ്സിരുത്തി പറഞ്ഞിട്ടുള്ളതു് എത്രയോ പരമാർത്ഥമാണ്.

ഭൌമികാധികാരം നഷ്ടപ്പെട്ടതിനുശേഷം ലേയൊ, പിയൂസ്, ബെനഡിക്ററ് എന്നീ മാപ്പിപ്പിമാരെല്ലാം തങ്ങളുടെ പുരോഗാമികളെക്കാൾ കൂടുതലായി ബഹുമാനിക്കപ്പെട്ടകയും സ്നേഹിക്കപ്പെട്ടകയും ചെയ്തിരുന്നു. ഈശ്വരപരിപാലനത്താൽ വീണ്ടും രാജാവായിത്തീർന്ന പ. പിതാവു് പതിനൊന്നാം പിയൂസ് വിജയിപ്പൂതാക. — S. A. Annals.

"പ്രിയ സാറെ, വക്കി ഇന്നലെ ക്ലാസിൽ ഹാജരാകാതിരുന്നതു് ക്ഷമിക്കണം. അവൻ ഇന്നലെ പെരിയിൽ വീണു. സാർ അങ്ങിനെ ചെയ്യുന്നതായാൽ ഞാൻ വളരെ നന്ദിയുള്ളവളായിരിക്കും."

എന്നു് അമ്മ.

ജപമാല.

കൊന്തയെ സംബന്ധിച്ചുള്ള ഭണ്ഡവിമോചനങ്ങൾ ലഭിക്കാൻ താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

ജപമാല അധികാരമുള്ള ഒരു പട്ടക്കാരനാൽ ആശീർവ്വദിക്കപ്പെട്ടതായിരിക്കണം. ജപമാലസഖ്യതയുടെ രജിസ്റ്ററിൽ പേരു എഴുതിച്ചിരിക്കണം.

"ആകാശങ്ങളിൽ ഇരിക്കുന്ന" "നന്മനിറഞ്ഞ മറിയം" എന്നീ നമസ്കാരങ്ങൾ എത്തിക്കേണ്ടതുപോലെതന്നെ ദൈവരഹസ്യങ്ങളെപ്പറ്റിയുള്ള ധ്യാനവും അത്യന്താപേക്ഷിതമാണ്. ജപമാലയുടെ ആരംഭത്തിൽ വിശ്വാസപ്രമാണവും ഓരോ ദശകത്തിന്റെയും ഒടുവിൽ ത്രിത്വസ്തുതിയും ചൊല്ലുന്നതു സാധാരണയാണെങ്കിലും ഭണ്ഡവിമോചനം പ്രാപിക്കുന്നതിന് ആവശ്യമുള്ളതല്ല.

രഹസ്യത്തിൽ (തനിച്ചു) കൊന്ത എത്തിക്കുന്നവർ താഴെ കാണുന്ന സംഗതികൾ ഗ്രഹിക്കേണ്ടതാണ്.

(1) "ആകാശങ്ങളിൽ ഇരിക്കുന്ന" എന്ന നമസ്കാരംകൊണ്ട് ആരംഭിക്കണം.

(2) അതിനെ തുടർന്നു പത്തു "നന്മനിറഞ്ഞ മറിയം" എന്ന നമസ്കാരവും ചൊല്ലണം.

(3) രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം മുൻപറഞ്ഞ നമസ്കാരങ്ങൾക്ക് മുമ്പോ പിമ്പോ കഴിക്കാം; എങ്കിലും അവ എത്തിക്കുന്നതിനോടുകൂടി ചെയ്യുന്നതാണു നല്ലതു്.

(4) ചുരുങ്ങിയതു ഒരു ദശകമെങ്കിലും ഒരു സമയത്തു എത്തിച്ചിരിക്കണം. ഇരുപത്തിനാലു മണിക്കുരുള്ള ഒരു സാധാരണ ദിവസത്തിനുള്ളിൽ അഞ്ചു ദശകങ്ങളും ചൊല്ലി മുഴമിച്ചാൽ മതി.

ആദത്തിന്റെ കല്ലറ.

(റവ തോമ്മസ്സ് കളം, കാവാലം.)

നമ്മുടെ മാതാപിതാക്കന്മാരുടെയും പുത്രമിത്രകളത്രാദികളുടെയും ശവകുടീരത്തെ അവസരോചിതംപോലെ ദർശിക്കയും അവിടെ അവരുടെ ആത്മശാന്തിക്കായി അപേക്ഷിക്കയും ചെയ്യുന്ന ഒരു പുരാതന നടപ്പ് നമ്മുടെ ഇടയിലുണ്ടല്ലൊ. എന്നാൽ നമ്മുടെ ആദിപിതാവായ ആദത്തിന്റെ കല്ലറ എവിടെയെന്ന സന്താനങ്ങളായ നാമാരെങ്കിലും അന്വേഷിക്കയോ അതിനെ സന്ദർശിക്കയോ എവിടെയെങ്കിലും അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കയോ ചെയ്യുന്നുണ്ടോ? ആ കാര്യം ത്യാജകോടിയിൽ തള്ളിയിരിക്കയാണെന്ന പറയാം. സുവിശേഷം ഘോഷിക്കുന്ന ലബനാനിലുള്ള (Lebanon) ഒരു മഹാതരുവിന്റെ ചുവട്ടിലാണ് നമ്മുടെ ആദിപിതാവിനെ ഭ്രമിഭാനംചെയ്തതെന്ന പുരാതന ചരിത്രകാരന്മാരുടെ കൃതികളിൽ രേഖപ്പെട്ടതികാണുന്നു. ഈ സ്ഥലത്തെ സന്ദർശിക്കുന്നതിനായി പോയിട്ടുള്ള പാന്ഥന്മാരെല്ലാം ഈ വൃക്ഷത്തെ "ആനന്ദത്തിന്റെ മര"മെന്ന പലപ്പോഴും അഭിസംബോധനം ചെയ്തിട്ടുണ്ട്. ഈ ഏകകാരണത്താൽ ദാവീദ് രാജാവ് അതിനെ അവിടെനിന്നു പറിച്ചെടുത്തു ഓഫ്ഗുത്തുള്ള തന്റെ തോട്ടത്തിൽ നട്ടുകയുണ്ടായി.

മഹാനായ ശ്ലോമോൻ തന്റെ ജഗൽപ്രസിദ്ധമായ ദേവാലയം പണിയുന്നതിനു ആരംഭിച്ചപ്പോൾ ഈ മരത്തെ വെട്ടിയെടുത്തു അതിന്റെ മദ്ബഹായുടെ ഒരു ഭാഗം പണിയുന്നതിന് ആജ്ഞാപിച്ചു. തച്ചന്മാരുടെ സാമർത്ഥ്യക്കുറവുകൊണ്ടോ മറ്റു ഏതു കാരണത്താലോ ആ തടിയെ അവിടെ ഉപയോഗപ്പെടുത്താൻ അവരെക്കൊണ്ടു സാധിച്ചില്ല. അളന്നു മുറിച്ചിട്ട ആ രാത്രിയിൽ താനെതന്നെ ഒരടി നീളം കുറഞ്ഞുപോയതിനാ

ൽ നിശ്ചിതസ്ഥലത്തേക്ക് അതു നിരുപയോഗമായിത്തീർന്നതേയുള്ളൂ. ഉദ്ദിഷ്ടകർയ്യം ഇതുകൊണ്ടു സാധിച്ചില്ലെന്നു മാത്രമല്ല, ഉപയോഗശൂന്യമായിത്തീർന്നല്ലൊ എന്നു ഓർത്തു അതിനെ മുഴുവൻ സ്വർണ്ണത്തകിടുകൊണ്ടു മൂടി മദ്ബഹായുടെ വലിയ വാതലിന്റെ മുകളിൽ അതിനെ ഒരു ഭൂഷണമായി സ്ഥാപിച്ചുവത്രെ. 'അബീജാ' എന്നു തന്റെ മരുമകന്റെ ഭരണകാലംവരെയാണ് അതു അവിടെ ഇരുന്നിട്ടുള്ളതു്. ഒരവസരത്തിൽ അദ്ദേഹത്തിനു് പണത്തിനു വളരെ ആവശ്യം നേരിട്ടപ്പോൾ അതിനെ അവിടെനിന്നെടുപ്പിച്ചു അതിന്മേലുണ്ടായിരുന്ന കട്ടിസ്വർണ്ണത്തകിടിനെ തന്റെ ആവശ്യത്തിനായി ഉപയോഗിക്കയും ശത്രുക്കൾ അതിനെപ്പറ്റി അനേപക്ഷിക്കാതിരിക്കുന്നതിനുവേണ്ടി ഭൂമിക്കടിയിൽ അതിനെ കുഴിച്ചിടുകയും ചെയ്തു.

അനേകവർഷങ്ങളുടെശേഷം ഈ തടി കുഴിച്ചിട്ട സ്ഥലത്തു ബെത്സൈദാ (Bethsaida) എന്ന ചരിത്രപ്രസിദ്ധമായ അത്ഭുതകുളം താനെതന്നെ ഉത്ഭവിച്ചു. അനേക ആളുകൾക്കു ആ വെള്ളത്തിലെ കുളിമൂലം രോഗശമനമുണ്ടായതിനുള്ള കാരണം ആ തടിയാണെന്നു അവർ സങ്കല്പിക്കയുണ്ടായി. അപ്രകാരം വെള്ളത്തിനടിയിൽ കിടന്നിരുന്ന ആ തടി നമ്മുടെ ദിവ്യരക്ഷകന്റെ കുരിശുമരണത്തിനു കുറേക്കാലംമുമ്പു് വെള്ളത്തിനാമീതെ പൊങ്ങിവന്നു. അതു അവിടെ മാറ്റിനിരോധനമായി കിടക്കുന്നതു നീരാട്ടുകാർക്കു് പ്രതിബന്ധമാണല്ലൊ എന്നു ക്രൂരിക്കാർ മനസ്സിലാക്കിക്കൊണ്ടു അതിനെ വലിച്ചു കരക്കിട്ടു.

യേശുക്രിസ്തുവിനെ മരണത്തിനു് വിധിച്ചു അധികനാൾ കഴിയുന്നതിനുമുമ്പു് തന്നെ കുരിശിൽ തൂക്കുന്നതിനുള്ള ഒരുക്കമായി. ഈ മുന്നൊരുക്കത്തിനിടയ്ക്കൊണ്ടു കുരിശുണ്ടാക്കുന്നതിനു വനത്തിൽനിന്നു ഒരു പച്ചത്തടി വെട്ടിക്കൊണ്ടു വരുന്നതു ക്ഷിപ്രസാധ്യമല്ലെന്നു പടയാളികൾക്കു തോന്നിയതിനാൽ ഈ തടിയെ ഇതിലേയ്ക്കായി അവർ ഉപയോഗിച്ചു. ഈ കുരിശുതടിയെയാണ് ലോകരക്ഷാർത്ഥം ക്രിസ്തുനാഥൻ ഗാഗുലത്തായിലേക്കു് തന്റെ തോളിൽ വഹിച്ചുകൊണ്ടു പോയതു്.

ഇതു മരമായിട്ടു മുളച്ചു വളർന്ന സ്ഥലത്തുതന്നെയാണു് ആ കുരിശിനെ നാട്ടിയതെന്നും ആ കുഴിയിൽ കണ്ട തലയോട്ട് ആദിപിതാവായ ആദത്തിന്റേതാണെന്നും പാരമ്പര്യം ഘോഷിക്കുന്നുണ്ടു്. ദിവ്യവൃക്ഷകൻ കുരിശിൽ തൂങ്ങി കിടന്ന സമയം കുരിശിന്റെ ചുവട്ടിൽ അതിനെക്കണ്ടു എന്നും തന്നിമിത്തമാണു് കാൽവരിമലയെ തലയോടിന്റെ സ്ഥലമെന്നർത്ഥമുള്ള ഗാഗുലത്തായെന്നു അഭിസംബോധനം ചെയ്യുന്നതെന്നും പൂർവ്വഗ്രന്ഥകാരന്മാർ പറയുന്നു.

അതുകൊണ്ടു് ലോകപരിത്രാതാവായ രണ്ടാമത്തെ ആദത്തേയും തന്റെ മരണസ്ഥലമായ ഗാഗുലത്തായേയുംപറ്റി നാം ഓർക്കുമ്പോൾ നമ്മുടെ ആദിപിതാവായ ആദത്തേയും ആ സ്ഥലത്തുതന്നെയാണു് ഭ്രമിദാനം ചെയ്തതെന്നു് നാം സ്മരിക്കുന്നതു ഉപകാരപ്രദവും നന്ദിസൂചകവും ആയിരിക്കും.

കളഞ്ഞുകിട്ടിയ കൊന്ത.

സംഗീതവിദുഷി, ശ്രീമതി റജീനാ ഫിലിപ്പ്.

ഒരിക്കൽ രണ്ടു വിദ്യാർത്ഥികൾകൂടി ഒരു വഴിയാത്ര ചെയ്യുകയായിരുന്നു. അവരിൽ ഒരാൾ തറയിൽ ഏതോ ഒരു സാധനം കിടക്കുന്നതുകണ്ടു നോക്കിയപ്പോൾ അതു എന്തുയും അഴുക്കു പിടിച്ചിട്ടുള്ള ഒരു ജപമാലയാണെന്നു മനസ്സിലായി. അവൻ അതു എടുത്തു ദൂരെക്കളയാൻ ഭാവിച്ചു.

ഉടൻ അവന്റെ കൂടെയുണ്ടായിരുന്ന സ്നേഹിതൻ, "അതു എനിക്കു തരിക. ഞാൻ അതു അതിന്റെ ഉടമസ്ഥനെ ഏല്പിച്ചുകൊള്ളാം" എന്നു പറഞ്ഞു.

"എന്നാൽ നിങ്ങൾ എങ്ങനെയാണു ഉടമസ്ഥനെ കണ്ടുപിടിക്കുന്നതു?" എന്നു ഒന്നാമൻ ചോദിച്ചു.

"അതു ഞാൻ എങ്ങനെയെങ്കിലും കണ്ടുപിടിക്കുന്നതിനു

ത്തുമിച്ചുകൊള്ളാം," എന്ന രണ്ടാമൻ മറുപടി പറഞ്ഞു.

അല്പം പര്യാലോചിച്ചശേഷം വീണ്ടും അവൻ, "ഞാൻ അതു നമ്മാം ഇപ്പോൾ പോകുന്ന വഴിയരികിൽ ആദ്യമായി കാണുന്ന ഒരു പള്ളിയിലുള്ള ദൈവജനനിയുടെ സ്വരൂപത്തിന്റെ മുമ്പിൽ കൊണ്ടു വയ്ക്കുന്നതാണ്. അതു അവിടെ പള്ളിക്കടുത്തു താമസിക്കുന്ന വല്ലവരുടേയുമായിരിക്കാം."

അപ്പോൾ ഒന്നാമൻ, "അതു വളരെ പഴക്കം ചെന്നിട്ടുള്ളതും അഴക്കു പിടിച്ചിട്ടുള്ളതുമാകയാൽ കേവലം ഉപയോഗശൂന്യവും തിരിയെ കൊടുക്കുന്നതിനു ഒട്ടുംതന്നെ അർഹതയില്ലാത്തതുമാകുന്നു" എന്നു പറഞ്ഞു.

അല്പംകഴിഞ്ഞു അവർ വഴിയരികിലുള്ള ഒരു പള്ളിയുടെ വാതില്ക്കൽ ചെന്നു നിന്നു. തത്സമയം രണ്ടാമൻ താൻ ആദ്യം കാണുന്ന ഏതെങ്കിലും ഒരു പള്ളിയിലുള്ള ദൈവജനനിയുടെ സ്വരൂപത്തിൻമുമ്പിൽ ജപമാല കൊണ്ടു വയ്ക്കുന്നതാണെന്നുള്ള വാശാനനിവൃത്തിക്കായി പള്ളിയിൽ പ്രവേശിച്ചു. കുറച്ചുനേരം അവിടെ താമസിച്ചു. എന്നാൽ ഒടുവിൽ അവൻ അവന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു (ഉപയോഗശൂന്യമാകയാൽ തിരിയെ കൊടുക്കുന്നതിനു അർഹതയില്ലെന്നുള്ള അഭിപ്രായത്തോടു) യോജിക്കുകയാണു ഉത്തമമെന്ന കരുതി പുറത്തിറങ്ങി സ്നേഹിതനോടു ഇങ്ങനെ പ്രസ്താവിച്ചു. "ഞാൻ വഴിയിൽവെച്ചു വാശാനം ചെയ്തിരുന്നതുപോലെ ജപമാല ദൈവജനനിയുടെ സ്വരൂപത്തിൻമുമ്പിൽ വച്ചില്ല. ഈ ജപമാല എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവത്തെ അനുസ്മരിക്കുന്നതിനായി ഞാൻ എന്റെ കൈവശം സൂക്ഷിക്കാൻ നിശ്ചയിച്ചിരിക്കയാണ്. ദൈവജനനിയുടെ സ്വരൂപത്തിൻമുമ്പിൽ ഞാൻ മുട്ടുകുത്തിയപ്പോൾ എന്റെ മനസ്സിനെ വല്ലാതെ ഉപദ്രവിച്ചുകൊണ്ടിരുന്ന ഒരു കാര്യം ചെയ്യുന്നതിനു ഞാൻ ദൃഢമായി ഉറച്ചു. അതു ഞാൻ ഒരു വൈദികനാവാൻ പോകുക എന്നുള്ളതാണ്."

"എങ്കിലും എനിക്കു കിട്ടിയ ജപമാല നിങ്ങൾക്കു തരണ

മെന്ന പറയുന്നതു അതിശയമല്ലേ?

അതിനേക്കാൾ വലിയ അതിശയമല്ലേ ഞാൻ അതു ദൈവജനനിയുടെ സ്വരൂപത്തിൻമുമ്പിൽ വച്ചേക്കാമെന്ന വാഗ്ദാനം ചെയ്തതു?"

വർഷങ്ങൾ പലതു കഴിഞ്ഞു. അയാൾ തന്റെ പഠനം കഴിഞ്ഞു ഒരു വൈദികനായി. പല പള്ളികളിൽ ജോലി നോക്കി. ഒടുവിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ നടത്തപ്പെടുന്ന ഒരു മിഷ്യൻവേലയിൽ ഏർപ്പെട്ടു. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം ഒരു രോഗിയെ കാണുന്നതിനു വരണമെന്നു ആവശ്യപ്പെട്ടുകൊണ്ടു അതിനടുത്തുണ്ടായിരുന്ന ഒരാശുപത്രിയിൽനിന്നു ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. രോഗി അനേകനാളായി അത്യന്തം അവശതയിൽ കിടന്നു മരിക്കാറായിരുന്ന ഒരാളായിരുന്നു. അയാൾ ഉറക്കത്തിൽ താൻ ഒരു കത്തോലിക്കനാണെന്നു വെളിവാക്കുന്ന പലേ സ്വപ്നങ്ങൾ കണ്ടിരുന്നു. വൈദികൻ ചെന്നു അയാളുടെ മരണ ഒരുക്കത്തിനു വേണ്ട സംഗതികളൊക്കെ പറഞ്ഞുകൊടുക്കുന്നതിനു ശ്രമിച്ചു. എന്നാൽ അയാളുടെ പൂർവ്വകർമ്മം ഏതോ ഒന്നിനാൽ ഭാരപ്പെട്ടുകൊണ്ടിരുന്നതുനിമിത്തം വൈദികൻ ചെയ്ത പ്രയത്നങ്ങളൊക്കെയും നിഷ്ഫലമായിത്തീർന്നതേയുള്ളൂ. അയാൾക്കു ദൈവത്തോടുള്ള കടമകളെ നിറവേറ്റി ആത്മരക്ഷ പ്രാപിക്കുന്നതിനു ദൈവം മറെന്തെങ്കിലും ഒരു മാർഗ്ഗം കണ്ടിട്ടുണ്ടായിരിക്കണം എന്നു വൈദികൻ വിചാരിച്ചു; അദ്ദേഹം സ്വയമായി പ്രാർത്ഥിക്കാൻ തുടങ്ങി. ഉടൻ അദ്ദേഹം അറിയാതെതന്നെ അദ്ദേഹത്തിന്റെ കൈ പോക്കറ്റിൽ വീണുകൊണ്ടു അതിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്ന ആ പഴയ ജപമാല വലിച്ചെടുത്തു. അപ്പോൾ രോഗിയുടെ കണ്ണുകൾ അതിലേക്കു ആകർഷിച്ചു.

വൈദികൻ, "നിങ്ങളെ ചെറുപ്പത്തിൽ ജപമാല ചൊല്ലുന്നതിനു പരിശീലിപ്പിച്ചിട്ടുണ്ടോ?" എന്നു ചോദിച്ചു. അതിനു രോഗി, "ഇനി അങ്ങു ജപമാല ചൊല്ലുന്നതിനു ഒട്ടും താമസിക്കരുതു. എന്റെ ഈ നിർഭാഗ്യങ്ങൾക്കൊക്കെയും കാരണം

ഞാൻ ഒരു ജപമാലക്കു അത്യന്തം കടപ്പെട്ടവനായിരിക്കുന്നതു കൊണ്ടാണു്" എന്നു വളരെ നൈരാശ്യത്തോടുകൂടി നിലവിളിച്ചു പറഞ്ഞു.

വൈദികനു കാര്യം മനസ്സിലാകാഞ്ഞതുനിമിത്തം "അതു കൊണ്ടു് അങ്ങനെ വരാൻ തരമില്ലല്ലൊ" എന്നു പ്രസ്താവിച്ചു.

എങ്കിലും രോഗി വീണ്ടും തുടർന്നു പറഞ്ഞു. "ഞാൻ എന്റെ മാതാപിതാക്കന്മാരോടുകൂടി ദിവസന്തോറും ജപമാല ചൊല്ലിവന്നു. എന്നാൽ എന്റെ പിതാവു മരിച്ചുപോയി. ദുഷ്ടസംസർഗ്ഗവും കൊള്ളരുതാത്ത പുസ്തകങ്ങളുടെ വായനയും എന്റെ ആത്മാവിനെ നിഷ്ക്ലേഷം നശിപ്പിച്ചു. എന്റെ അമ്മ പറയുന്നതിനെ കേൾക്കുന്നതിനു ഞാൻ ചെവികൊടുത്തിരുന്നില്ല. അവർ പലപ്പോഴും നമ്മളുടെ ഈ നിത്യകർമ്മം (ജപമാല നമസ്കാരം) അനുഷ്ഠിക്കുന്നതിനു എന്നെ നിർബന്ധിക്കുമായിരുന്നു. എന്നാൽ ഞാൻ അപ്പോഴൊക്കെയും വീടുവിട്ടു ഇറങ്ങിപ്പോയ്ക്കളയും. ഒരുദിവസം ഇങ്ങനെ വീടുവിടുന്നതിനുമുമ്പേ അമ്മ എന്നെ ഒരു ജപമാല ഏല്പിച്ചു. എന്നിട്ടു അതു എല്ലാ ദിവസവും ചൊല്ലുന്നതിനു ആജ്ഞാപിച്ചു. എന്നാൽ ഞാൻ അവളെ സന്തോഷിപ്പിക്കുന്നതിനു അങ്ങനെ ചെയ്യാമെന്നു വാഗ്ദാനം ചെയ്യുകയല്ലാതെ അവളുടെ ആജ്ഞയെ നിറവേറുന്നതിനു ശ്രമിച്ചിരുന്നില്ല. തന്നെയുമല്ല ഒരുദിവസം വഴിയിൽവെച്ചു ഞാൻ ഈ ജപമാല വലിച്ചെറിഞ്ഞു തറയിൽ ഇട്ടു ചവിട്ടിത്തേച്ചു ദുരുപയോഗപ്പെടുത്തി. ആ ദിവസംമുതൽ എന്റെ ആത്മികവും ലൌകികവുമായ എല്ലാ സൌഭാഗ്യങ്ങളും നഷ്ടപ്പെട്ടു. ആ ദിവസത്തെ ഞാൻ ഒരുനാളും മറക്കുന്നതല്ല!"

ഇത്രയും രോഗി പറഞ്ഞപ്പോൾ വൈദികനു ജപമാലയുടെ കാര്യം ഓർമ്മവന്നു. തനിക്കു അതു ലഭിച്ചതുമുതലുള്ള സംഗതികൾ അയാളെ പറഞ്ഞു കേൾപ്പിച്ചു.

രോഗി വൈദികന്റെ മുഖത്തുനിന്നു ദൃഷ്ടിവിടാതെ നോക്കിക്കൊണ്ടു കിടക്കുകയായിരുന്നു. വൈദികൻ, "ഇതാ നിങ്ങൾക്കു അനേകനാളായി നഷ്ടപ്പെട്ടുപോയ ആ ജപമാല വാങ്ങി

ക്കൊള്ളുക" എന്നു പറഞ്ഞു കൊടുത്തു.

രോഗി നെടുവീർപ്പിട്ടു കരഞ്ഞു തന്റെ ബലഹീനമായ കരങ്ങൾകൊണ്ടു ജപമാല വാങ്ങി മുറുക്കിപ്പിടിച്ചു ചുംബിച്ചതിനു ശേഷം അവൻ അതു തന്റെ കിടക്കയുടെ ഒരു ഭാഗത്തു സൂക്ഷിച്ചുവച്ചു. ഒടുവിൽ നിഷ്കളങ്കമായ ആദരവോടും അവന്റെ പാപങ്ങളെക്കുറിച്ചുള്ള ഹൃദയപൂർവ്വമായ മനസ്താപത്തോടുംകൂടി അന്ത്യകൂദാശകളൊക്കെയും സ്വീകരിച്ചു സ്രഷ്ടാവായ ദൈവത്തിന്റെ കരങ്ങളിൽ തന്റെ ജീവനെ ഏല്പിച്ചു ഇഹലോകവാസം വെടിഞ്ഞു.

സെപ്തമ്പർ മാസത്തിലെ

പൊതുനിയോഗം.

വിശ്വാസികൾ കേന്തിപൂവം ദിവ്യബലിയിൽ സംബന്ധിക്കുക.

ഞായറാഴ്ച ആചാരമായിരുന്ന കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെ പൊതുനിയോഗമെന്തു വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. അന്നു അതിന്റെ ആവശ്യകതയേയും പ്രയോജനങ്ങളെയുംപ്പറ്റി പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനെക്കുറിച്ചാണു ഇനി അല്പം പറയാനുള്ളതു്. പള്ളിയിൽ കുമ്പാനസമയത്തു ഹാജരായിരുന്നാൽ കടം നിറവേറ്റിയായി പലരും വിചാരിക്കുന്നുണ്ടെന്നാണു തോന്നുന്നതു്. ശരീരം പള്ളിയിലും മനസ്സു വീട്ടിലുമായിരുന്നാൽ അതുകൊണ്ടു എന്തു പ്രയോജനമാണുള്ളതു്. ദിവ്യപൂജയിൽ പട്ടക്കാരൻ ചെയ്യുന്ന ഓരോ കുമ്പങ്ങളെയും കുറിച്ചു ധ്യാനിച്ചെങ്കിലേ അതുകൊണ്ടു ഫലമുള്ളൂ. ഇതിനുപകരിക്കുന്നതായ പല പുസ്തകങ്ങളും ഇപ്പോൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു്. അതു വാങ്ങി ഉപയോഗിക്കുന്നതു ഒരു നല്ല മാർഗ്ഗമാണു്. ഇതിനു നിവൃത്തിയില്ലാത്തവർ ജപമാല ചൊല്ലിവരുന്നതും സാധാരണയാണു്. ഇതിലേതെങ്കിലും വിധത്തിൽ എല്ലാവരും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും അതിൽനിന്നും ധാരാളം ഫലമെടുക്കുന്നതിനും വേണ്ടി തിരുഹൃദയഭക്തന്മാർ പ്രത്നിക്കേണ്ടതാണു്.

വി. കൊച്ചുത്രേസ്യാ.

തിരുനാൾ ഒക്ടോബർ ൧൦.



മേലെയറാം, പൊന്നിൽ; മുകൾ ഇടത്തുവശം, മരിയ; മുകൾ വലത്തുവശം, ലെയോണി; കീഴ് ഇടത്തുവശം, സെലിൻ; കീഴ് വലത്തുവശം, മരിയഗ്വറിൻ; മദ്ധ്യം ഒരുപുഷ്പം.

ഈ ആറു സഹോദരിമാരിൽ ഉണ്ണി ഈശോയുടെ കൊച്ചുത്രേസ്യാ പുണ്യപൂർണ്ണതയെ പ്രാപിച്ചു. അവൾ ഒമ്പതര കൊല്ലം മാത്രമേ സന്ന്യാസസഭയിൽ ജീവിച്ചിട്ടുള്ളൂ. ഏറ്റവും ചെറിയ കാര്യങ്ങളിൽപോലും സ്വയപരിത്യാഗത്താൽ തന്റെ പ്രിയമണവാളനെ സന്തോഷിപ്പിക്കാൻ അവൾ വിശുദ്ധതയോടെ പരിശ്രമിച്ചു. ദൈവസ്നേഹാഗ്നിയാൽ എരിഞ്ഞ അവളുടെ ആത്മാവ് ക്രിസ്തുവിന്റെ സെപ്തമ്പർ 30-ാംനു- തന്റെ ശരീരത്തെ വിട്ടുപിരിഞ്ഞു് ദൈവസന്നിധിയെ പ്രാപിച്ചു.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം വഴിയായി നടന്നിട്ടുള്ള അത്ഭുതങ്ങൾ അനവധിയാണ്. അവളുടെ നാമം ക്രിസ്തുമതമേയ് 6-നു- വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടു.

മുപ്പത്തിനാലു കൊല്ലങ്ങൾക്കുമുമ്പു് ഉണ്ണിയീശോയുടെ കൊച്ചുത്രേസ്യാ ദൈവസന്നിധ്യം പ്രാപിച്ചു. അവളുടെ ജനനവും മരണവും ലോകത്തിനു അജ്ഞാതമായിരുന്നു. അന്നു രാജാക്കന്മാരും രാജ്യതന്ത്രജ്ഞന്മാരും ചക്രവർത്തികളും വലിയവരായി ഗണിക്കപ്പെട്ടിരുന്നു. ഇന്നാകട്ടെ അവരെല്ലാവരും വിസ്മരിക്കപ്പെട്ടിരിക്കുന്നു. ലിസ്സിയിലെ വിനീതയായ കൊച്ചു കന്യാസ്ത്രീ ഇന്നു ലോകത്തിന്റെ ബഹുമാനവിഷയമായിത്തീർന്നിരിക്കുന്നു. അവൾ ദൈവസമക്ഷത്തിൽ മുട്ടുകുത്തി, അവൾ ഈശോയെ സ്നേഹിച്ചതുപോലെ നമ്മളും അങ്ങേ സ്നേഹിക്കുന്നതിനവേണ്ട അനുഗ്രഹം നമുക്കു് ലഭിച്ചു തരുമാറാകട്ടെ! മാതാപിതാക്കന്മാർക്കു് തങ്ങളുടെ കുട്ടികളെ ദൈവശുശ്രൂഷക്കായി വളർത്തുന്നതിനാവശ്യമുള്ള വരപ്രസാദവും അവർക്കു ലഭിച്ചുകൊടുക്കട്ടേ!

പുഷ്പവൃഷ്ടി.

തേവര ആശ്രമദേവാലയത്തിൽ വി. കൊച്ചുത്രേസ്യായുടെ പീഠത്തിങ്കൽ പാട്ടുകുമ്പാനച്ചൊല്ലിച്ചതു വഴിയായി മരണാസന്നയായ എന്റെ കുട്ടിക്കു പൂർണ്ണസുഖം ലഭിച്ചിരിക്കുന്നു. ഇതിനു നന്ദിസൂചകമായി ഞങ്ങൾക്കുവേണ്ടുന്ന അനുഗ്രഹങ്ങൾ എല്ലാം മേലിലും നല്കുണമെന്നുള്ള പ്രാർത്ഥനയോടുകൂടി പുണ്യവതിയുടെ ഇരു കരങ്ങൾക്കും രണ്ടു സ്വർണ്ണവളകൾ കാഴ്ചസമർപ്പിക്കുന്നു.

ജെ. മറിയക്കുട്ടി, കണ്ണൂർകാട്ട്.

പുതിയ പ്രസിദ്ധീകരണങ്ങൾ.

(൧) ആത്മസഖി.

ഒന്നാം രണ്ടും ഭാഗങ്ങളും, വലിപ്പം $5'' \times 3''$ പക്ഷങ്ങളും വ. ഇന്നസ് & സൺസ്; വി. യൌസേപ്പിൻ കരകൌശലശാല പ്രസ്സ്, എൽത്തുരുത്ത്, തൃശ്ശൂർ.

ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിൽ കൽദായ സുറിയാനി കുബ്ബാനയുടെ അനുപദതർജ്ജിമയും മറ്റു അനുദിന ജപങ്ങളും അടങ്ങിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ എല്ലാ ഞായറാഴ്ചകളിലും പ്രധാന തിരുനാളുകളിലും ദിവ്യപൂജയിൽ വായിക്കപ്പെടുന്ന ലേഖനങ്ങളും സുവിശേഷഭാഗങ്ങളുമാണ് കൊള്ളിച്ചിരിക്കുന്നതു്. ദിവ്യപൂജയുടെ പരിഭാഷ ഇതിനുമുമ്പു് പ്രസിദ്ധാരാധന മുതലായ ഗ്രന്ഥങ്ങളിൽ ചേർത്തു കണ്ടിട്ടുള്ളതാണ്. എന്നാൽ ലേഖനങ്ങളും സുവിശേഷങ്ങളും മലയാളത്തിൽ ഇതിനു മുമ്പു് ആരും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിയുന്നില്ല. അതുകൊണ്ടു ഈ പുസ്തകം മലയാളത്തിൽ ഒരു നവീന പ്രസ്ഥാനമാണെന്നു പറയുന്നതിൽ അബദ്ധമില്ല. വി. കുബ്ബാന ഭക്തി പുരസ്സരം കാണുന്നതിനു ഈ പുസ്തകം വലിയ സഹായമായിരിക്കുമെന്നുള്ളതിനാൽ എല്ലാ കുടുംബങ്ങളിലും അതിനു് പ്രവേശനം ലഭിക്കുമെന്നു് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

---

(൨) ദൈവചിത്തം.

പരിഭാഷകൻ; ക. നി. മൂ. സ. ബ. മർസ്സിലീനോസു് അച്ചൻ, ചെത്തിപ്പുഴ. വില അണ ൬.

ദൈവതിരുമനസ്സിനോടുള്ള അനുയോജ്യതയെപ്പറ്റി ആദ്യന്തം ഹൃദ്യമായി പ്രതിപാദിക്കുന്ന ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ അനുപദതർജ്ജിമയാണ് പ്രകൃത പുസ്തകം. ഇറാല്യൻ ഭാഷയിൽ എഴുതീട്ടുള്ള മൂലഗ്രന്ഥത്തിന്റെ കർത്താവു് വി. അൽഫോൻസ് ലിഗോരിയാണെന്നറിയുമ്പോൾ പ്രസ്തുത പുസ്തകത്തിന്റെ മാഹാത്മ്യം ഏതാണ്ടു വെളിപ്പെടുന്നതാണ്. ഇതു് പ്രതിദിനപാരായണത്തിനു ഉപകരിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാകുന്നു. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം എന്ന മേൽവിലാസത്തി

ൽ അപേക്ഷിക്കുന്നവർക്കു ഈ പുസ്തകം കിട്ടുന്നതായിരിക്കും.

(ന) വിജ്ഞാനമഞ്ജരി. (ഗാഥ)

പ്രസാധകൻ: ജെ. പോൾ പുന്നക്കാട്ടുശേരി, കുമ്പളങ്ങി. വില ഫ്ണ. ന. പൈ

സഹകരണം, ഈശ്വരഭക്തി, വിദ്യാഭ്യാസം എന്നിങ്ങനെ മൂന്നു വിഷയങ്ങളാണ് ഈ ലഘു പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്. ഒടുവിൽ ഒരു മധുരഗീതംകൂടി ചേർത്തിട്ടുണ്ട്. പ്രസാധകന്റെ പിതാവു് പരേതനായ മി. ജെ. പുന്നക്കാട്ടുശേരിയാണ് ഇതിന്റെ കർത്താവു്. 'ഇതു് ഒരു നല്ല സന്മാർഗ്ഗകവനമാണെന്നു' ഒരാവർത്തി വായിച്ചുനോക്കിയാൽ ആർക്കും ബോധപ്പെടുന്നതാണ്. കുട്ടികൾക്കും മറ്റും വായിച്ചു മനസ്സിലാക്കത്തക്കവണ്ണം ലളിത ഭാഷയിലാണു് എഴുതിയിരിക്കുന്നതു്. എല്ലാവരും ഇതിന്റെ ഓരോ പ്രതിയെങ്കിലും വാങ്ങി പ്രസാധകനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(ര) ഐ. സി - ഭാനിയേൽ അപകീർത്തിക്കേസിന്റെ ജഡ്ജ്മെൻറ്.

പ്രസാധകൻ: മാനേജർ, "പ്രേഷിതൻ" തൃശൂർ. വില അണ ഫ.

പ്രസ്തുത ജഡ്ജ്മെൻറു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കണ്ടപ്പോൾ അതു പുസ്തകരൂപത്തിൽ കിട്ടിയാൽ കൊള്ളാമെന്നു പലരും താല്പര്യം കാണിക്കയുണ്ടായി. എന്നാൽ അക്കാര്യം ഭംഗിയായി 'പ്രേഷിതൻ' മാനേജർ നിർവ്വഹിച്ചിരിക്കുന്നു. അതിൽ ചില പത്രമാസികകളുടെ ഏതൽസംബന്ധമായ വിമർശനങ്ങളും അടങ്ങിയിട്ടുണ്ട്.

"നിന്റെ ബാല്യകാലത്തിലെന്തു് ഏതെങ്കിലും ഒരു ആഗ്രഹം നിനക്കു് സാധിച്ചുകിട്ടിയിട്ടുണ്ടോ?"

"അമ്മ തല ചീകുമ്പോൾ ഈ തലമുടി ഇല്ലാതിരുന്നെങ്കിൽ മതിയായിരുന്നു എന്നു ആഗ്രഹം ഇപ്പോൾ നിവൃത്തിയായിട്ടുണ്ടു്."

സിദ്ധൗഷധങ്ങൾ.

അതിസാരം ചിലപ്പോൾ നാടെങ്ങും വ്യാപിക്കയും മരണത്തിനു കാരണമായത്തീരുകയും ചെയ്യാറുണ്ട്. ഒന്നോ രണ്ടോ ചെറുനാരങ്ങയുടെ തനി നീരെടുത്ത് അതിന്റെ ഒരിരട്ടിയിൽ കുറയാതെ തേനും കൂട്ടിച്ചേർത്ത് സേവിക്കുന്നത് അതിനു തക്കതായ ഒരു സിദ്ധൗഷധമാകുന്നു. ഇങ്ങിനെ ഒരു ദിവസം രണ്ടോ മൂന്നോ പ്രാവശ്യം ചെയ്താൽ ഒരുവിധം അതിസാരമെല്ലാം ഭേദമാകും. കഠിനതരമായിട്ടുള്ള ചില അതിസാരത്തിനു ഇങ്ങിനെ രണ്ടുമൂന്നു ദിവസം ചെയ്യേണ്ടിവന്നേക്കാം. ചികിത്സാകാലത്തു ലഘുവായ ആഹാരം മാത്രമേ കഴിക്കാവൂ. പഴയ ക്രമത്തിലുള്ള കഴിക്കുന്നതു നന്ന്. മാതളനാരങ്ങാപ്പഴം (ഉറുമാമ്പഴം) കഴിക്കുന്നതും അതിന്റെ ഉണങ്ങിയ തോല് ചോറിൽ അരച്ചു കലക്കി കാച്ചി അല്പം ഉപ്പുചേർത്തു കഴിക്കുന്നതും ഗുണകരമാണെന്നുള്ളതു പൊതുവിൽ അറിയുന്ന സംഗതികളാണല്ലൊ. നാരങ്ങനീരും തേനും സമംചേർത്തു കഴിച്ചാൽ രോഗം കുറച്ചധികം ദിവസംകൊണ്ടു മാത്രമേ ഭേദമാവുകയുള്ളൂ. ഇങ്ങിനെ ചെയ്യുന്നതും ഒരു വിധത്തിൽ ഗുണം തന്നെയാണ്. നാരങ്ങാനീരും ഇരട്ടി തേനും ചേർത്തിട്ടുള്ള ചികിത്സ ഞാൻ ധാരാളം അളുകൾക്ക് (കുട്ടികൾക്കും) ചെയ്തിട്ടുണ്ട്. അതിൽ ഒരാൾക്കു മാത്രമേ ഈ ചികിത്സ പരിപൂർണ്ണമായി ഫലിക്കാതിരുന്നിട്ടുള്ളൂ. അതു ക്ഷയരോഗം നിമിത്തം മൃത്യു ആസന്നമായിരുന്ന ഒരു സ്ത്രീക്കായിരുന്നു. ആ സ്ത്രീയുടെ അതിസാരം തീരെ ഭേദമായില്ലെങ്കിലും അതുകൊണ്ടു വളരെ ആശ്വാസം സിദ്ധിച്ചിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യമായിട്ടുള്ളതാകുന്നു.

— ടി. വി. രയരപ്പക്കുറുപ്പ്, ബി. എ., എൽ. റ്റി.

കുറിപ്പുകൾ.

ഇതിടെ വഞ്ചിക്കുന്നും ഇറാല്ലൻ ഗവൺമെണ്ടും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ തീർന്നിരിക്കുന്നതായി ഔദ്യോഗിക പ്രഖ്യാപനം നടന്നിരിക്കുന്നു എന്നു റോയിട്ടരുടെ കമ്പിവാർത്തയിൽ കാണുന്നു.

തിരുവനന്തപുരത്തു പുത്തൻകച്ചേരിയിലുള്ള ഡർബാർ ഹാളിൽവെച്ചു അടുത്ത നവംബർ മാസം- വെള്ളിയാഴ്ച പകൽ മൂന്നു മണിക്കു നടത്തപ്പെടുന്ന ഡബ്ലിയിൽ തിരുവിതാംകൂർ മഹാരാജാവു ശ്രീചിത്തിര തിരുനാൾ തിരുമനസ്സിലെ ഭാരണാധികാരപ്രതിഷ്ഠാപനം നിർവഹിക്കുന്നതാണെന്നും അന്നു സംസ്ഥാനമൊട്ടുക്കു ഒരു ഒഴിവുദിവസമായി ആചരിക്കണമെന്നും ഗവൺമെണ്ടിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തിരുവിതാംകൂറിലെ നാനാജാതിമതസ്ഥരുടെയും ആശംകേന്ദ്രമായിരിക്കുന്ന തിരുമനസ്സിലെ സമാരോഹണം സർവ്വഥാ വിജയീഭവിക്കട്ടെ.

മിസ്റ്റർ. ജോൺ കുഷിങ്ങ് (Mr. John Cushing) അമേരിക്കയിലെ നോട്ടർഡാം (Notre Dame) സർവകലാശാലയുടെ സഹകരണത്തോടുകൂടി ഒരു എൻജിനീറിങ്ങ് കോളേജ് സ്ഥാപിക്കുന്നതിലേക്കായി മൂന്നുലക്ഷം ഡോളറിന്റെ ഒരു ചെക്ക് ഭാര്യാവഴിക്കുള്ള തന്റെ ഏപ്പിച്ചിരിക്കുന്നു. മി. കുഷിങ്ങ് വിദ്യാഭ്യാസം ചെയ്തു ബിരുദം സമ്പാദിച്ചതു പ്രസ്തുത കലാശാലയിൽ വെച്ചായിരുന്നു. ഈദൃശ കൃതജ്ഞതാപ്രകടനങ്ങൾ സ്തുത്യർഹങ്ങൾതന്നെ.

അബുൽ ഹസൻഖാൻ (Abul Hassankhan) എന്ന പെഴ്സ്യൻ യുവാവർ വർഷം ഇതാമത്തെപ്പെറി പഠിച്ചു പരിശോധന നടത്തിയശേഷം സത്യവേദം അവലംബിച്ചു ക്രിസ്തുമതത്തിലേക്കു തിരിഞ്ഞിരിക്കുന്നു ഇപ്പോൾ മാത്രമെ അയാൾ അത്മസമാധാനം കണ്ടെത്തിയുള്ളു. അദ്ദേഹത്തിനു ഏകദേശം വയസ്സു പ്രായമുണ്ട്. ശാസ്ത്രജ്ഞനും ഗ്രന്ഥകർത്താവുമായ ഈ മഹാൻ ഭാവിജീവിതം സുവാർത്തയിൽ ക്രിസ്തുമതം നാനാമാർഗ്ഗങ്ങളിൽകൂടി പ്രചരിപ്പിക്കുന്നതിനായി വിനിയോഗിപ്പാനാണു നിശ്ചയിച്ചിരിക്കുന്നതു്.

കഴിഞ്ഞ ക്രിസ്മസ് കൊല്ലങ്ങൾകൊണ്ടു ഇംഗ്ലണ്ടിലും വെയിൽസിലുംകൂടി ക്രിസ്ത്യാനികളുടെ പേർ കൃസ്തുമതത്തിൽ സഭയിലുള്ള മനസാന്തരപ്പെട്ടിട്ടുള്ളതായി കാണുന്നു.

ഹംഗറിയിലെ യഹൂദപ്രഭുക്കുടുംബങ്ങൾ ഒന്നിനുപുറകെ ഒന്നായി സത്യസഭയിൽ പ്രവേശിച്ചുവരുന്നു.

ന്യൂയോർക്കിലെ (New York) ഒരു ധനാഢ്യൻ മാതാവിന്റെ സ്മരണക്കായി ഒരു ഗ്രോട്ടോ (Grotto) പണികഴിക്കുന്നതിന് ഏകദേശം രൂപ ചെലവാക്കുവാൻ സന്നദ്ധനായിരിക്കുന്നു.

അർജെൻറീന (Argentina), പറാഹ്വെ (Paraguay), ഉറാഹ്വെ (Uraguay) എന്ന മൂന്നു അമേരിക്കൻ രാജ്യനിവാസികളും ഏകോപിച്ചു അന്യോന്യാഭിപ്രായപൂർവ്വം തങ്ങളുടെ സംസ്ഥാനങ്ങളെ ദൈവജനനിക്കു പ്രതിഷ്ഠിച്ചിരിക്കുന്നു. അവിടെ ലൂജാൻ എന്ന സ്ഥലത്തു സപ്തംബർ ഞായറാഴ്ച പ്രത്യക്ഷയായതിന്റെ മൂന്നാം ശതാബ്ദപൂർത്തിയാണു ഇപ്പോൾ ആഘോഷിക്കപ്പെട്ടതു്.

ഇറാല്യൻ ശവമെണ്ടു അസ്സേനീസു പുണ്യവാന്റെ ഏഴാം ശതാബ്ദപൂർത്തി സംബന്ധിച്ചു ഏഴു തരം സ്റ്റാമ്പുകൾ നടപ്പിലാക്കിയിരിക്കുന്നു. അവകളിന്മേൽ "Seventh Anthonian Centenary 1231 - 1931" എന്നും ഇറാല്യൻ ശവമെണ്ടിന്റെയും ഫ്രാൻസിസ്കൻ സഭയുടെയും കലമുദ്രകളും കാണിച്ചിട്ടുള്ളതു കൂടാതെ വിശുദ്ധന്റെ ജീവചരിത്രത്തിലെ ഏഴു പ്രധാന സംഭവങ്ങളും കൊടുത്തിരിക്കുന്നു. ഇവ (ക) വിശുദ്ധൻ സഭാവസ്ത്രം സ്വീകരിക്കുന്നതും (ഖ) ഇറാലിയിൽ റാമിനി എന്ന സ്ഥലത്തു മത്സ്യങ്ങളോടു പ്രസംഗിക്കുന്നതും മത്സ്യങ്ങളും നദീതീരത്തു വന്നുകൂടിനിന്നുകൊണ്ടു ശ്രദ്ധയോടെ അത്ഭുതപരതന്ത്രരായിത്തീരുന്നതും (ഗ) യോഗാഭ്യാസം നടത്തിയ ഒലിവാരെസ്സ് (Olivares) എന്ന സ്ഥലത്തുള്ള നവസന്ന്യാസാശ്രമവും (ഘ) വിശുദ്ധന്റെ തിരുശ്ശരീരം സ്ഥിതിചെയ്യുന്ന പാദുവായിലെ ലോകപ്രസിദ്ധമായ ബസലിക്കായും (ങ) മരണസമയത്തു സന്ന്യാസികൾ ചുറ്റി നിന്നുകൊണ്ടു മരണസ്മാരകമായി പാദുവാക്കു സമീപം പണിയിച്ചിരിക്കുന്ന അർസെല്ലാ കപ്പേളയും (ന) തടവുകാരെ വിടുവിച്ചും, സാധുക്കൾക്കു ഭക്ഷണം കൊടുത്തും സഹോദരസ്നേഹം പ്രത്യക്ഷപ്പെടുത്തുന്നതും (ഛ) ഉണ്ണിയീശോയെ കയ്യിൽ വഹിച്ചുകൊണ്ടു നിൽക്കുന്നതുമാകുന്നു. ഇതിൽ ഒടുവിൽ പറഞ്ഞ സ്റ്റാമ്പിന്റെ വില അഞ്ചു ലീയാണ്. അതിന്മേൽ രണ്ടു ലീ കൂട്ടൽ വിലയുള്ളതിൽ കിട്ടുന്നതിൽ ഒരു ഭാഗം വേദപ്രചാരത്തിനായി ഫ്രാൻസിസ്കൻ സഭക്കാരെ ഏല്പിക്കുന്നതാണ്.

ലണ്ടനിലെ റവ. വിൽഫ്രഡ് ഹെൻറി കെൻഡൽ ഒ. എസ്സ്. സി. അവർകളും വൈദികപട്ടം ഏറ്റിട്ടു 50 വർഷം തികഞ്ഞ സുവർണ്ണജൂബിലി ഇക്കഴിഞ്ഞ മാർച്ചുമാസം 24-ാംനു- സാഘോഷം കൊണ്ടാടുകയുണ്ടായി. ഈ വൈദിക പുംഗവൻ അമ്പതിനാലു ഭാഷകളിൽ നല്ല പാടവമുണ്ട്. സംസ്കൃതം, ചൈനീസ്, ഗേലിക്ക എന്നീ ഭാഷകളും അതിൽ ഉൾപ്പെട്ടതാണ്. അദ്ദേഹം അമ്പതിൽപരം കൊല്ലങ്ങളും കത്തോലിക്ക പത്രങ്ങൾക്കു ലേഖനസഹായം ചെയ്തിട്ടുള്ള ഒരു മഹാനാണ്.

SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേൾ ചന്ദ്ര ഗോസ്വ്, എം. എ, എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ. ഔഷധപ്പട്ടിക ആവശ്യക്കാർക്ക് വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ച കൊടുക്കും.

മകരധ്വജ (സപ്ലസ്സിന്റ്റുരം.) ശിരോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു തുപ്പാത്തുക്കത്തിന് ക. രൂ.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പിണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്ടി, ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരു സേറിന്നു ക. രൂ.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സപ്തധാതുക്ഷയം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന് ക. മൂന്നു.

അബലാബാന്ധവായോഗം:- ഇതു സ്ത്രീകളുടെ അസുഖങ്ങൾ മുതലായ അതീവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ഫലം താമസം കൂടാതെ കിട്ടുവാൻ ഒരു കുപ്പിക്കു വില ക. രൂ. അമ്പതിന് ക. ഒ. കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ നു മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്വല്പംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. രൂ-ഥ-ം.

കാസശ്വാസ നിവാരണി.

നിങ്ങൾ പലെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. നീട്ടിയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിന ക. രൂ-വു-ം.

പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴക്കിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്ക വില ക. രൂ-ഥ-ം.

വാതഹാരി. എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു. അഗ്നിമാന്ദ്യം, ശിരസ്തോദം, ബലക്ഷയം, പ്ലീഹോദരം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ തരം രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പിണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കറ്റുകൾ കിട്ടീട്ടുണ്ടു.

ദി ഭാരത ആൻഡ് കമ്പനി, കെമിസ്റ്റ്സ്,

നമ്പ്ർ ഥ, കോഴിക്കോട്, മലബാർ.

Reg. No. C. 130.

പഞ്ചാംഗം.

ഒക്ടോബർ 1931.

ക	1	വ്യാ	വി.	രെമീജി മെ.
കാ	2	വെ		കാവൽമാലാഖമാർ
കി	3	ശ	വി.	കൊച്ചുത്രേസ്യാ
കീ	4	ഞാ.	✠	വി. ഫ്രാൻസിസ്സ്.
കു	5	തി	വി.	പ്ലാസിഡ്.
കൂ	6	ചൊ	വി.	ബ്രൂണോ.
കൃ	7	ബു	വി.	മൂശക്കാസ്.
കെ	8	വ്യാ	വി.	ബ്രിജിത്താ.
കേ	9	വെ	വി	ദൊനീസ്.
കൈ	10	ശ	വി.	ഫ്രാൻസി. ബെർ.
കൊ	11	ഞാ.	✠	വി. തറാക്കുസ്.
കോ	12	തി	വി.	എവുപ്രീയൂസ്.
കൌ	13	ചൊ	വി	എഡ്വർഡ് രാ
ക്ക	14	ബു	വി	കീർത്തൂസ് ചാ
ക	15	വ്യാ	വി	യ്യോ.
ഖ	16	വെ	വി	മഗ്നീയൻ.
ഖാ	17	ശ	വി	അന്ത്യോസ്.
ഖി	18	ഞാ	✠	വി. ലൂക്കൊ. സു വി.
ഖീ	19	തി	വി	പോളൂസ് അൽ ശ.
ഖു	20	ചൊ	വി	ജോൺ കാർന്തി
ഖൂ	21	ബു	വി	ഹിലാറിയാൻ
ഖൃ	22	വ്യാ	വി	മാർഗ്ഗര്ത്ത് കാ മ
ഖെ	23	വെ	വി	തെദ്ദേർ.
ഖേ	24	ശ	വി	മെലിഞ്ഞസ്.
ഖൈ	25	ഞാ	✠	മിശിഹാ രാജത്വം.
ഖൊ	26	തി	വി	എവുസ്ത്ത.
ഖോ	27	ചൊ	വി	സ്റ്റിഗ്മാർസിയൂ (ഇ വ.)
ഖൌ	28	ബു	വി	ശിമ. യൂദാ ശ്ലീ.
ക്ക	29	വ്യാ	വി	നൊവെല്ലൂസ്
ഗ	30	വെ	വി	അപ്പോസ്തോ. കാ.
ഗാ	31	ശ	വി	നോമാസിയൂസ്.

✠ എപ്പാവക്കു കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.